# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും



**SIA UNIT**


PLANET KERALA
Participatory Learning and Action Network

പ്ലാനറ്റ് കേരള
റ്റി. സി.– 8/1378 (8) ശ്രീബാബ ലൈൻ
വലിയവിള, തിരുമല. പി.ഒ
തിരുവനന്തപുരം–695006
കേരള, ഇന്ത്യ,
#+91-471-2368188 (ഓഫീസ്)
#+91-9447545598 (മൊബൈൽ)
ഇമെയിൽ: 2001planet@gmail.com
വെബ്: www.planetkerala.org


റിപ്പോർട്ട്
30 ജൂലൈ 2019

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട്

## പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും



**SIA UNIT**

PLANET KERALA
Participatory Learning and Action Network

**റിപ്പോർട്ട്**

**30 ജൂലൈ 2019**

**പ്ലാനറ്റ് കേരള**
**റ്റി. സി. – 8/1378 (8) ശ്രീബാബ ലൈൻ**
**വലിയവിള, തിരുമല. പി. ഒ**
**തിരുവനന്തപുരം – 695006, കേരള, ഇന്ത്യ**
**#+91 471 2368188 (ഓഫീസ്)**
**#+91 9447545598 (മൊബൈൽ)**
**ഇമെയിൽ: 2001planet@gmail.com**
**വെബ്: www.planetkerala.org**

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും |
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| റവന്യൂ വില്ലേജ് | : | മാറനല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ഗ്രാമപഞ്ചായത്ത് | : | മാറനല്ലൂർ |
| ഉൾപ്പെടുന്ന വാർഡ് | : | ഓഫീസ് വാർഡ് (വാർഡ് – 8)<br>കൂവളശ്ശേരി (വാർഡ് – 9)<br>അരുവിക്കര (വാർഡ് – 10) |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ഹെക്ടർ) | : | 0.16 |
| ഭൂഉടമസ്ഥരുടെ എണ്ണം | : | 16 |
| അർഥനാധികാരി | : | എക്സിക്യൂട്ടീവ് എൻജിനീയർ<br>പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ് ഡിവിഷൻ, പി.എം.ജി. |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പി.ഡബ്ല്യു.ഡി (സതേൺ സർക്കിൾ) ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം |
| സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് | : | പ്ലാനറ്റ് കേരള<br>തിരുവനന്തപുരം |
| 4 (1) വിജ്ഞാപന നമ്പർ, തിയ്യതി | : | വാല്യം 8 നമ്പർ 692<br>തിയ്യതി 13 മാർച്ച് 2019 |
| പഠനം ആരംഭിച്ച തിയ്യതി | : | 28 മെയ് 2019 |
| പബ്ലിക് ഹിയറിംഗ് തിയ്യതി | : | 25 ജൂലൈ 2019 |
| പഠനം പൂർത്തിയാക്കിയ തിയ്യതി | : | 29 ജൂലൈ 2019 |
| റിപ്പോർട്ട് സമർപ്പിച്ച തിയ്യതി | : | 30 ജൂലൈ 2019 |

## സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.

ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 ാം തിയ്യതിയിലെ കെ.6-89903/16 ാം നമ്പർ ഉത്തരവുപ്രകാരം പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2019 മാർച്ച് മാസം 13 ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 8 ൽ 692 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതമായ പ്രദേശത്ത് പ്ലാനറ്റ് കേരള നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. 2013 ലെ 30 ാം നമ്പർ കേന്ദ്ര നിയമവും, 2015 ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച്, വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് 2019 ജൂലൈ 8 ന് പ്രസിദ്ധീകരിക്കുകയും, കരട് റിപ്പോർട്ടിൻമേലുള്ള ചർച്ചകൾക്കും, തിരുത്തലുകൾക്കും, കൂട്ടിച്ചേർക്കലുകൾക്കുമായി 2019 ജൂലൈ 25 ന് പബ്ലിക് ഹിയറിംഗ് നടത്തുകയും ലഭ്യമായ നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച ബഹുമാനപ്പെട്ട എം.എൽ.എ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു

ആന്റണി കുന്നത്ത്
ചെയർമാൻ,
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്
പ്ലാനറ്റ് കേരള, തിരുവനന്തപുരം.

## പോങ്ങുമ്മൂട് പുന്നാവൂർ പാലവും അനുബന്ധ റോഡ് വികസനവും
### ഇലക്ട്രിക്കൽ ലൈൻ സ്കെച്ച് സഹിതം




| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ |
|---|---|---|---|
| 1 | ശ്യാമളകുമാരി | 10 | 262/13 |
| 2 | അനിൽകുമാർ | 10 | 262/5 |
| 3 | സജികുമാർ & ശുഭറാണി | 10 | 262/ |
| 4 | ബിജുകുമാർ എസ്.എസ് | 10 | 262/1-4 |
| 5 | പൊന്നുമണി ഡി | 10 | 440/10 |
| 6 | ജയകുമാർ & സുമ ജയകുമാർ | 10 | 441/2 |
| 7 | വിജയകുമാർ ബി<br>ലളിതാംബിക ജി | 10 | 441/2-1<br>441/2-2 |
| 8 | കൃഷ്ണമോഹൻ | 10 | 441/6 -1 |
| 9 | ജയമോഹൻ | 10 | 441/6 |
| 10 | മാധവൻ നായർ | 10 | 441/7-3 |
| 11 | ചന്ദ്രിക മേനോൻ | 10 | 441/ |
| 12 | സരസ്വതി അമ്മ,<br>രാജ്കുമാരൻ നായർ,<br>രാമപ്പൻ നായർ,<br>മോഹനകുമാരൻ നായർ | 11 | 86/3 |
| 13 | ഡോ. രേണുകാ നായർ | 11 | 86/9 |
| 14 | ഡോ. സനൽകുമാർ | 11 | 86/9-1 |
| 15 | ഡോ. അനൂപ് കുമാർ | 11 | 6/20 |
| 16 | അശോക് കുമാർ വി | 11 | 6/2 |

**ഉള്ളടക്കം**


| | | |
|---|---|---|
| **അധ്യായം – 1 ആമുഖം** | | |
| 1.1 | പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും | 1 |
| 1.2 | പദ്ധതി പ്രദേശം | 2 |
| 1.3 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | 3 |
| 1.4 | ബദൽ സാധ്യതകൾ | 3 |
| 1.5 | സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും | 4 |
| 1.6 | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | 4 |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| 2.1 | പദ്ധതിയുടെ പശ്ചാത്തലം | 9 |
| 2.2 | പദ്ധതിയുടെ അടിസ്ഥാനം | 10 |
| 2.3 | പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം | 11 |
| 2.4 | നിർമ്മാണ ഘട്ടങ്ങൾ | 12 |
| 2.5 | നിർമ്മാണത്തിന്റെ സവിശേഷതകൾ | 12 |
| 2.6 | അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത | 13 |
| 2.7 | തൊഴിലാളികളുടെ ആവശ്യകത | 13 |
| 2.8 | മുമ്പ് നടത്തിയ പഠനങ്ങൾ | 13 |
| 2.9 | ഉപയുക്തമായ നയങ്ങളും, നിയമങ്ങളും | 13 |
| **അധ്യായം – 3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും** | | |
| 3.1 | പശ്ചാത്തലം | 15 |
| 3.2 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | 15 |
| 3.3 | ഡെസ്ക് റിസേർച്ച് | 17 |
| 3.4 | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | 17 |
| 3.5 | ദ്വിതീയ വിവര ശേഖരണം | 18 |
| 3.6 | പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും | 18 |
| 3.7 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം | 18 |
| 3.8 | സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും | 19 |
| 3.9 | സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും | 19 |
| 3.10 | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | 19 |
| 3.11 | പഠനത്തിന്റെ പരിമിതികൾ | 20 |

| | | |
|---|---|---|
| **അദ്ധ്യായം – 4 ഭൂനിർണ്ണയം** | | |
| 4.1 | പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | 22 |
| 4.2 | പദ്ധതിപ്രദേശത്തിന്റെ രേഖാചിത്രം | 24 |
| 4.3 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി | 24 |
| 4.4 | പൊതു സ്ഥലത്തിന്റെ ഉപയോഗം | 25 |
| 4.5 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി | 25 |
| 4.6 | പുനസ്ഥാപനം ആവശ്യമായ പൊതു ഉപയോഗ മുതലുകൾ സംബന്ധിച്ച് വിവരങ്ങൾ | 25 |
| 4.7 | മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | 26 |
| **അദ്ധ്യായം – 5 മൂല്യനിർണ്ണയം** | | |
| 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | 27 |
| 5.2 | ആഘാതബാധിതരായ കുടുംബങ്ങൾ | 28 |
| 5.3 | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | 28 |
| 5.4 | ഉൽപ്പാദനക്ഷമമായ ആസ്തികൾ | 28 |
| **അദ്ധ്യായം – 6 സാമൂഹ്യ സാമ്പത്തീക അവസ്ഥ** | | |
| 6.1 | ജനസംഖ്യ വിവരങ്ങൾ | 30 |
| 6.2 | വരുമാനവും, സാമ്പത്തീകാവസ്ഥയും | 32 |
| 6.3 | ദുർബല വിഭാഗങ്ങൾ | 34 |
| 6.4 | ഭൂവിനിയോഗവും ഉപജീവനവും | 34 |
| **അദ്ധ്യായം – 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ** | | |
| 7.1 | രൂപരേഖയും, സമീപനങ്ങളും | 35 |
| 7.2 | പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 35 |
| 7.3 | വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും | 37 |
| 7.4 | പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ | 39 |
| 7.5 | സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും | 39 |
| **അദ്ധ്യായം – 8 ഗുണദോഷ വിശകലനവും ശുപാർശകളും** | | |
| 8.1 | പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | 43 |
| **അദ്ധ്യായം – 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ സ്ഥാപനപരമായ ചട്ടക്കൂട്** | | |
| 9.1 | സ്ഥാപന ഘടനയും, പ്രധാന വ്യക്തികളും | 44 |

## പട്ടികകളുടെ വിവരം


| പട്ടികകൾ | | |
|---|---|---|
| പട്ടിക 4.1 | ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | 23 |
| പട്ടിക 4.2 | ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ | 24 |
| പട്ടിക 4.3 | പുനസ്ഥാപനം ആവശ്യമായ പൊതു ഉപയോഗ മുതലുകൾ വിവരങ്ങൾ | 25 |
| പട്ടിക 4.4 | ബാധിക്കുന്ന വസ്തുവഹകൾ | 26 |
| പട്ടിക 4.5 | അവകാശ സ്വഭാവം | 26 |
| പട്ടിക 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | 27 |
| പട്ടിക 5.2 | ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 28 |
| പട്ടിക 5.3 | ബിസിനസ്സിന്റെ തരം | 28 |
| പട്ടിക 5.4 | ബാധിക്കുന്ന വസ്തുവഹകൾ | 29 |
| പട്ടിക 5.5 | വരുമാനദായകമായ മുതലുകളുടെ നഷ്ടം | 29 |
| പട്ടിക 6.1 | ജനസംഖ്യ വയസ്സ് തിരിച്ച് | 30 |
| പട്ടിക 6.2 | മതവിഭാഗം | 30 |
| പട്ടിക 6.3 | സാമൂഹ്യ വിഭാഗം | 31 |
| പട്ടിക 6.4 | വിവാഹസ്ഥിതി | 31 |
| പട്ടിക 6.5 | കുടുംബ ഘടന | 31 |
| പട്ടിക 6.6 | വിദ്യാഭ്യാസ നിലവാരം | 32 |
| പട്ടിക 6.7 | പൊതുവിതരണ സംവിധാനം തരംതിരിവ് | 32 |
| പട്ടിക 6.8 | കുടുംബത്തിന്റെ മാസവരുമാനം | 32 |
| പട്ടിക 6.9 | വരുമാന മാർഗ്ഗങ്ങൾ | 33 |
| പട്ടിക 6.10 | പ്രതിമാസ ചെലവ് | 33 |
| പട്ടിക 6.11 | കുടിവെള്ള സ്രോതസ്സ് | 33 |
| പട്ടിക 6.12 | സാമ്പത്തീക പ്രവർത്തികൾ | 34 |
| പട്ടിക 7.1 | വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 35 |
| പട്ടിക 7.2 | സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും | 37 |
| പട്ടിക 7.3 | പദ്ധതി സംബന്ധിച്ച അഭിപ്രായം | 41 |
| പട്ടിക 8.1 | പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | 43 |

**അനുബന്ധം**

| | |
|---|---|
| 1 | 4 (1) വിജ്ഞാപനം |
| 2 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണ ചോദ്യാവലി |
| 3 | ആഘാത ബാധിതരാകാവുന്നവരുടെ പേര് വിവരങ്ങൾ |
| 4 | ആഘാത ബാധിതരായ ഉടമസ്ഥർ വാടകക്കാർ, തൊഴിലാളികൾ വിവരങ്ങൾ അടങ്ങിയ പട്ടിക |
| 5 | ആഘാതത്തിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ |
| 6 | പബ്ലിക് ഹിയറിംഗ് നോട്ടീസിന്റെ കോപ്പി |
| 7 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പത്രക്കുറിപ്പുകൾ |
| 8 | പബ്ലിക് ഹിയറിംഗ് പ്രോഗ്രാം |
| 9 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ഉടമസ്ഥർ, വാടകക്കാർ, പൊതുജനങ്ങൾ) |
| 10 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, എസ്.ഐ.എ. പ്രതിനിധികൾ മുതലായവർ) |
| 11 | പബ്ലിക് ഹിയറിംഗ് റിപ്പോർട്ട് |
| 12 | ഫോട്ടോകൾ |

## അധ്യായം – 1

### ആമുഖം

### 1.1 പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും

കേരള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതു മരാമത്ത് വകുപ്പ് റോഡ്സ് & ബ്രിഡ്ജസ് ഡിവിഷൻ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയാണ് പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും. നിരന്തരം വർദ്ധിച്ച് വരുന്ന നഗരവൽക്കരണവും, അനുദിനം വർദ്ധിച്ച് വരുന്ന വാഹനങ്ങളുടെ എണ്ണവും, വാഹന സഞ്ചാരവും പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പ്രേരകമായി മാറിയിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനത്തിന്റെ സുരക്ഷിതവും, സുഖമവുമായ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്. ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾ തൊഴിലിനും, പഠനത്തിനും, ചികിത്സക്കും, സാധനസാമഗ്രികൾ വാങ്ങുന്നതിനും, വിൽക്കുന്നതിനും, മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി പോങ്ങുംമൂട്, കാട്ടാക്കട, നെയ്യാറ്റിൻകര മുതലായ സ്ഥലങ്ങളിലേക്കും, സംസ്ഥാന തലസ്ഥാനത്തേക്കും എത്തിച്ചേരുന്നതിന് പ്രധാനമായും ഈ റോഡാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ ജനങ്ങളുടെ സഞ്ചാരാവശ്യം മുന്നിൽ കണ്ടുകൊണ്ടാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഈ നിർമ്മാണത്തിന് ആവശ്യമായ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ രൂപരേഖ തയ്യാറാക്കുമ്പോൾ സാമൂഹ്യവും, പാരിസ്ഥിതികവുമായ പ്രത്യാഘാതം പരമാവധി കുറച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ പഴക്കമേറി ജീർണ്ണാവസ്ഥയിലുള്ളതും, വീതികുറഞ്ഞതും, അപകടകരവുമായ പോങ്ങുംമൂട്–പുന്നാവൂർ പാലവും, അനുബന്ധ റോഡും വീതികൂട്ടി പുനർനിർമ്മിക്കുന്നതിനും, വാഹന ഗതാഗതം സുഖമമാക്കുന്നതിനും സാധിക്കും.

31/03/2017 ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 432/2007/പി.ഡബ്ള്യു.ഡി പ്രകാരം ഭരണാനുമതിയും, പ്രത്യേകാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്. തുടർന്ന് ബന്ധപ്പെട്ട സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പൊതുമരാമത്ത് വകുപ്പ്, സതേൺ സർക്കിൾ, ഫോർട്ട്, തിരുവനന്തപുരം, ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു. പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും നടപ്പിലാക്കുന്നതിലൂടെ മാത്രമെ ഈ റോഡിലൂടെയുള്ള വാഹന സഞ്ചയം നിയന്ത്രണ വിധേയമാക്കുന്നതിനും, ഗതാഗതം സുഖമമാക്കുന്നതിനും സാധിക്കുകയുള്ളു എന്നാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ നിന്നും വ്യക്തമാകുന്നത്.

പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും നടപ്പിലാക്കുന്നതിനുള്ള ആദ്യ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി 2013 ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ നിലവിൽ വന്നതോടെ

ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 ാം തിയ്യതിയിലെ കെ.6-89903/16 ാം നമ്പർ ഉത്തരവുപ്രകാരം പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ പ്രതിപാധിച്ച രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2019 മാർച്ച് മാസം 13 ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 8 ൽ 692 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പ്ലാനറ്റ് കേരള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിക്കുകയും ചെയ്തു.

### 1.2 പദ്ധതി പ്രദേശം

നിർദ്ദിഷ്ഠം പദ്ധതി പ്രദേശം തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലെ മാറനല്ലൂർ വില്ലേജിൽ ഉൾപ്പെടുന്നു. കാട്ടാക്കട-നെയ്യാറ്റിൻകര പ്രധാനപാതയിൽ പോങ്ങുംമൂട് എന്ന സ്ഥലത്തുനിന്ന് ഇടത്തോട്ട് തിരിഞ്ഞ് പുന്നാവൂർ വഴി അരുവിക്കര എത്തിച്ചേരുന്ന പാതയിൽ ഏകദേശം 600 മീറ്റർ അകലെയാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ 8 ാം വാർഡ് ഓഫീസ് വാർഡ്, 9 ാം വാർഡ് കൂവളശ്ശേരി 10 ാം വാർഡ് അരുവിക്കര എന്നിവിടങ്ങളിലായാണ് പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി ഉൾപ്പെടുന്നത്.

2016-17 വർഷമാണ് പോങ്ങുംമൂട്-പുന്നാവൂർ റോഡ് നിർമ്മാണം പൂർത്തിയായത്. എന്നാൽ പൊങ്ങുംമൂട്-പുന്നാവൂർ റോഡിൽ പോങ്ങുംമൂട് എന്ന സ്ഥലത്തുനിന്ന് ഏകദേശം 600 മീറ്റർ അകലെയായി സ്ഥിതിചെയ്യുന്ന ജീർണ്ണാവസ്ഥയിലായ നിർദ്ദിഷ് പാലം വീതികൂട്ടി പുനർനിർമ്മിക്കുന്ന പ്രവർത്തി റോഡ് നിർമ്മാണ പ്രവർത്തിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നില്ല. ആയതിനാൽ റോഡിന്റെ വീതിക്കനുസരിച്ച് പാലം സ്ഥിതിചെയ്യുന്ന സ്ഥലത്ത് വീതി ഇല്ലാതെ വരികയും ജീർണ്ണാവസ്ഥയിലായ പാലം വീതികൂട്ടി പുനർനിർമ്മാണം ആവശ്യമായി വരികയും ചെയ്തു. ഈ സാഹചര്യത്തിലാണ് നിർദ്ദിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുപ്പ് ആവശ്യമായി വന്നിരിക്കുന്നത്. റോഡിന്റെ വീതിക്കനുസരിച്ച് പാലത്തിന് വീതിയില്ലാത്തതും, ഇറക്കവും, കയറ്റവും ചേരുന്നിടത്ത് പാലം സ്ഥിതിചെയ്യുന്നതിനാലും അപകട സാധ്യതകൾ കൂടുതലാണ്. അതിനാൽ തന്നെ ഈ പാലത്തിന്റെ പുനർനിർമ്മാണം ഇവിടത്തെ ജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസന ആവശ്യമാണ്. കൂടാതെ പാലത്തിന്റെ അപകടാവസ്ഥ, കാലപ്പഴക്കം മുതലായവ അടിയന്തിര പ്രാധാന്യം അർഹിക്കുന്നവയാണ്.

നിർദ്ദിഷ്ട പാലത്തിനെ 'ചാനൽ പാലം' എന്നാണ് പ്രാദേശീകമായി വിളിക്കുന്നത്. ആറ് മാസത്തിനുമുമ്പ് ഈ പാലത്തിൽ ടിപ്പർ ലോറി അപകടം സംഭവിക്കുന്നതുവരെ മുളവേലിയായിരുന്നു ഉണ്ടായിരുന്നത്. ഈ അപകടത്തിനുശേഷമാണ് നിലവിലെ കമ്പിവേലി നിർമ്മിച്ച് താൽക്കാലികമായി സുരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. പോങ്ങുംമൂട് നിന്നും പുന്നാവൂരിലേക്ക് പോകുന്ന റോഡിൽ പാലത്തിന് തൊട്ടുമുന്നിലായി ഇടതുവശത്തായി പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന ഒരു റോഡും, പാലത്തിന് ശേഷം ഇടതു വശത്തായി കൊറ്റംപള്ളി റോഡും, പാലത്തിന് തൊട്ടുമുന്നിലായി

വലതുവശത്തായി ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡും, പാലത്തിന് ശേഷം വലതു വശത്തായി കൂവളശ്ശേരി നെയ്യാറ്റിൻകര റോഡും സ്ഥിതിചെയ്യുന്നു.

നേമം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ് മാറനല്ലൂർ ഗ്രാമപഞ്ചായത്ത്. മാറനല്ലൂർ വില്ലേജ്, കൂവളശ്ശേരി പോസ്റ്റ് ഓഫീസ് എന്നിവയുടെ പരിധിയിലാണ് ഈ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്.

### 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി

നിർദ്ദിഷ്ഠ പദ്ധതിക്കായി 4(1) വിജ്ഞാപനപ്രകാരം മാറനല്ലൂർ വില്ലേജിൽ ഉൾപ്പെട്ട 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. ആകെയുള്ള 0.16 ഹെക്ടർ സ്ഥലം 16 സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതാണ്. ഇതിൽ നിബന്ധനകൾക്ക് വിധേയമായി കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി എന്നയാളും ഉൾപ്പെടുന്നു (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ ചാനൽ പുറമ്പോക്ക്) ആയതിനാൽ 16 ഭൂഉടമസ്ഥരിൽ നിന്നായി 0.16 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നതും, ഈ പ്രദേശത്തു മാത്രമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതും.

### 1.4 ബദൽസാധ്യതകൾ

ദൈനംദിനം വർദ്ധിച്ച് വരുന്ന ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിനും, യാത്ര സുഖമമാക്കുന്നതിനും നിലവിലുള്ള പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡും പണി പൂർത്തീകരിച്ച് പൂർണ്ണതോതിൽ സഞ്ചാരയോഗ്യമാക്കേണ്ടത് അത്യാവശ്യമാണ്. വീതി കുറഞ്ഞതും, ജീർണ്ണാവസ്ഥയിലുള്ളതും, അപകടകരവുമായ ഈ പാലം പുനർനിർമ്മിച്ച് അനുബന്ധ റോഡ് വീതികൂട്ടുകയും ചെയ്യുമ്പോൾ പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര വരെയുള്ള വാഹന ഗതാഗതം സുഖമമാവുകയും പ്രദേശവാസികളുടെ പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുകയും ദൈനംദിന ആവശ്യങ്ങൾക്കായുള്ള യാത്ര സുഖകരമാവുകയും ചെയ്യും.

ഈ സാഹചര്യത്തിലാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടുന്നതിനുമായി നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ പാലവും, പാതയും പുനർനിർമ്മിക്കുന്നതിലൂടെ സുരക്ഷിതമായ വാഹന ഗതാഗതം ഉറപ്പുവരുത്തുന്നതിനും ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പോങ്ങുംമൂട്–പുന്നാവൂർ റോഡിന്റെ ഇരുവശങ്ങളിലുമായി സ്വകാര്യ ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. സ്വകാര്യ ഭൂഉടമസ്ഥർക്ക് ഏറ്റവും പരിമിതമായ പ്രത്യാഘാതം വരുന്ന തരത്തിലാണ് അലൈൻമെന്റ് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ കൈക്കൊണ്ടിരിക്കുന്നത്.

പോങ്ങുംമൂട്–പുന്നാവൂർ റോഡിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്നതും, പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്നതുമായ ഗ്രാമപഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ഹയർ സെക്കണ്ടറി സ്കൂൾ, ഇലക്ട്രിസിറ്റി ഓഫീസ്, പ്രാഥമീക ആരോഗ്യ കേന്ദ്രം, പോലീസ് സ്റ്റേഷൻ, ആയുർവ്വേദ ആശുപത്രി, കല്യാണ മണ്ഡപം, വാഹന സർവ്വീസ് സെന്റർ മുതലായവയിലേക്ക് സഞ്ചരിച്ചേത്തേണ്ടത് ഈ പാതയിലൂടെയാണ്. നിർദ്ദിഷ്ട വികസന പദ്ധതി യാഥാർത്യമാകുന്നതിലൂടെ കാട്ടാക്കട, നെയ്യാറ്റിൻകര തുടങ്ങിയ പ്രദേശങ്ങളിലേക്കും, തിരുവനന്തപുരം പട്ടണത്തിലേക്കും, മറ്റ് ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം

മെച്ചപ്പെടുകയും, യാത്ര എളുപ്പത്തിൽ ആക്കുന്നതിനും സഹായകരമാണ്. യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ വാഹനങ്ങൾ സഞ്ചരിക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, പോങ്ങുംമൂട്–പുന്നാവൂർ റോഡിന്റെ പണി, പാലവും അനുബന്ധ റോഡിന്റെ വീതികൂട്ടലും, ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിക്കുകയോ, പരിഗണിക്കുകയോ ചെയ്യേണ്ടതില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും

സുപ്രധാനമായ സാമൂഹ്യപ്രത്യാഘാതങ്ങൾ കണ്ടെത്തി ആവയുടെ പ്രാധാന്യം വിലയിരുത്തി ആഘാത ലഘൂകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. ആയതിനാൽതന്നെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നിർണ്ണയിക്കുകയും അവയുടെ സംഗ്രഹരൂപം ചുവടെ പ്രതിപാദിക്കുകയും ചെയ്യുന്നു.

### 1.6 വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും.<br>◆ വ്യാപാര/വ്യവസായ സംരംഭങ്ങളുടെ ഭൂമിയും, നിർമ്മിതികളും ഏറ്റെടുത്തു കഴിഞ്ഞാൽ പുനർനിർമ്മിക്കുന്നതുവരെയുള്ള ഉപജീവന നഷ്ടം |
| 2 | നിർമ്മാണ ഘട്ടം | ◆ നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിൽ പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും<br>◆ നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>◆ പുറമേനിന്നുള്ള തൊഴിലാളികൾ റോഡ് വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>◆ മാലിന്യം, ശുചിത്വം, പകർച്ചവ്യാധികൾ എന്നിവക്കുള്ള സാധ്യതകൾ |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| | | ◆ തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും അപകട സാധ്യതകളും, സുരക്ഷയും.<br>◆ നിർമ്മാണ ഘട്ടത്തിൽ റോഡ് അടച്ച് ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>◆ ട്രാൻസ്ഫോർമർ, വൈദ്യുതി കാലുകൾ എന്നിവ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ |
| 3 | പ്രവർത്തന ഘട്ടം | ◆ അപകടാവസ്ഥയിലായ പോങ്ങുംമൂട്-പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണവും, റോഡിന്റെ വീതികൂട്ടലും<br>◆ വാഹനങ്ങൾക്ക് സുഖമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട റോഡ്<br>◆ പട്ടണത്തിൽ ലഭ്യമായ സൗകര്യങ്ങൾ എളുപ്പത്തിൽ പ്രാപ്തമാകുന്നു<br>◆ ഭൂവില വർദ്ധിക്കുകയും, ഭൗതീക സാഹചര്യങ്ങളും, തൊഴിൽ അവസരങ്ങളും മെച്ചപ്പെടുകയും, ചെയ്യുന്നു<br>◆ വരുമാന വർദ്ധനവ് ഉണ്ടാവുകയും ആയതിനാൽ ജീവിത നിലവാരം ഉയരുകയും ചെയ്യുന്നു. |

**സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളുടെ വിശലനവും**

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 16 ഭൂഉടമസ്ഥരുടെ കൃഷിഭൂമി ഭാഗീകമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | 2 പേരുടെ ഭൂമി ഭാഗീകമായും ഇവയിൽ സ്ഥിതിചെയ്യുന്ന നിർമ്മിതി ഭാഗീകമായും, 6 പേരുടെ ഭൂമിയിലുള്ള മുള്ളുകമ്പി വേലിയും, 3 പേരുടെ അതിർത്തി മതിൽ, ഗേറ്റ് എന്നിവയും ഏറ്റെടുക്കേണ്ടി വരുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള 15 തെങ്ങ്, 4 തേക്ക്, 7 റബ്ബർ, 3 മഹാഗണി, 2 മാവ്, 2 ആഞ്ഞിലി, 1 പേര, 1 തണൽ വൃക്ഷം, 1പപ്പായ, 2 വാഴ എന്നിവ നഷ്ടമാകുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | 2 പേരുടെ ഉടമസ്ഥതയിലുള്ള 2 കച്ചവട കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനോപാധികളേയും പ്രത്യക്ഷമായി ബാധിക്കുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | 1 ട്രാൻസ്ഫോർമർ 160 KVA, 2 ഇരുമ്പ് പോസ്റ്റ് 11 KVA, 11 സിമന്റ് പോസ്റ്റ് നമ്പറുള്ളത്, 2 സിമന്റ് പോസ്റ്റ് നമ്പറില്ലാത്തത്, ജലവിതരണം, ജല, മാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലിഫോൺ വയറുകൾ, മുതലായവയെ ബാധിക്കുന്നു | നിർമ്മാണ പ്രവർത്തികൾ നടക്കുന്നതോടൊപ്പം തന്നെ പുനസ്ഥാപനവും നടത്തുക |
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | ചാനൽ പുറമ്പോക്കിൽ താമസിച്ച് ഉപജീവന മാർഗ്ഗമായ പച്ചക്കറി, പലചരക്ക് കട എന്നിവ | നഷ്ടപരിഹാരത്തിനും, പുനസ്ഥാപന നടപടികൾ സ്വീകരിക്കുമ്പോഴും സ്ഥാനചലനം |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| | | നടത്തി വരുന്ന കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ) എന്നയാളും ആഘാതബാധിതനായി കണക്കാക്കുന്നു പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവിടെ ഇല്ല | സംഭവിക്കുന്നവരെ പ്രത്യേകമായി പരിഗണിക്കേണ്ടതാണ് |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ**

- പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.
- ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.
- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും, നിർമ്മിതികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംങ്ങൾക്ക് ബോധ്യപ്പെട്ടത്.
- ചാനൽ പുറമ്പോക്കിൽ താമസിച്ച് ഉപജീവന മാർഗ്ഗമായ പച്ചക്കറി, പലചരക്ക് കട എന്നിവ നടത്തി വരുന്നതും, 1992 ജനുവരി 1 ന് മുമ്പ് ഭൂമി കൈവശമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖ കൈവശമുള്ളതും, താമസത്തിനും, ഉപജീവനും മറ്റ് ഭൂവസ്തുക്കളൊന്നുമില്ലെന്ന് പറയുന്നതുമായ ഡി. പൊന്നുമണി (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ) എന്നയാളും ആഘാതബാധിതനായി കണക്കാക്കപ്പെടുന്നു. നഷ്ടപരിഹാരവും, പുനരധിവാസ, പുനസ്ഥാപന നടപടികളിൽ ഉൾപ്പെടുത്തണമെന്നുമാണ് ഇവർ ആവശ്യപ്പെടുന്നത്.
- ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉപജീവനവും, തൊഴിലും നഷ്ടമാകുന്നവർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അവരെ കുടുംബശ്രീ മുതലായ സംഘടനകളിലൂടെ തൊഴിലും വരുമാന മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് ആവശ്യമായ സഹായവും, സമാശ്വാസ നടപടികളും കൈക്കൊള്ളേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കൽ, നിർമ്മിതികൾ നീക്കം ചെയ്യൽ, പാലം നിർമ്മാണം, റോഡ് പുനർനിർമ്മാണം മുതലായ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.
- ❖ റോഡ്, പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.
- ❖ പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും നടക്കുന്ന അവസരത്തിൽ ഈ റോഡിലൂടെയുള്ള ഗതാഗതവും, പാലത്തിനടുത്ത് എത്തിച്ചേരുന്ന നാല് റോഡുകളിലൂടെയുള്ള ഗതാഗതവും സ്തംഭിക്കുകയോ, ഗതാഗത തടസ്സം നേരിടുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.
- ❖ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള ട്രാൻസ്ഫൊർമർ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനർക്രമീകരിക്കേണ്ടതുമാണ്.
- ❖ പോങ്ങുംമൂട് നിന്നും പുന്നാവൂരിലേക്ക് പോകുന്ന റോഡിൽ പാലത്തിന് തൊട്ടുമുന്നിലായി ഇടതുവശത്തായി പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന ഒരു റോഡും, പാലത്തിന് ശേഷം ഇടതു വശത്തായി കൊറ്റംപള്ളി റോഡും, പാലത്തിന് തൊട്ടുമുന്നിലായി വലതുവശത്തായി ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡും, പാലത്തിന് ശേഷം വലതു വശത്തായി കൂവളശ്ശേരി നെയ്യാറ്റിൻകര റോഡും സ്ഥിതിചെയ്യുന്നു. നിർമ്മാണത്തിന്റെ ഭാഗമായി പാലത്തിന്റെ ഉയരത്തിനനുസരിച്ച് ഈ റോഡുകളെ നിർദ്ദിഷ്ട പദ്ധതിയിലെ റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതും, പ്രവർത്തികൾ നടക്കുന്ന ഘട്ടത്തിൽ ഈ നാല് റോഡുകളിലൂടെയുള്ള ഗതാഗതം സ്തംഭിക്കുകയോ, ഗതാഗത തടസ്സം നേരിടുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതുമാണ്.

## അധ്യായം – 2

## പദ്ധതി സംബന്ധിച്ച വിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്കെഅറ്റത്തുള്ള തീരദേശ ജില്ലയാണ് തിരുവനന്തപുരം. അറബിക്കടലിന്റെ തീരത്തുനിന്നു 78 കിലോമീറ്റർ അകലത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണിത്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല 1957 ൽ ആണ് നിലവിൽ വന്നത്. 2011 ലെ സെൻസസ് അനുസരിച്ച് 33,07,284 ആണ് ഇവിടത്തെ ജനസംഖ്യ. കേരള സംസ്ഥാനത്ത് മലപ്പുറം ജില്ല കഴിഞ്ഞാൽ ഏറ്റവും അധികം ജനസംഖ്യയുള്ള ജില്ലയാണ് തിരുവനന്തപുരം. ഭരണ സൗകര്യത്തിനായി ജില്ലയെ തിരുവനന്തപുരം, ചിറയിൻകീഴ്, വർക്കല, നെയ്യാറ്റിൻകര, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നിങ്ങനെ ആറ് താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ 12 ബ്ലോക്ക് പഞ്ചായത്തുകളും, 73 ഗ്രാമപഞ്ചായത്തുകളുമാണ് ഉള്ളത്. ഇതിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ, മാറനല്ലൂർ റവന്യൂ വില്ലേജിൽ നേമം ബ്ലോക്കിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 1953 ആഗസ്റ്റ് 18 ന് രൂപീകൃതമായി. 25.13 ച.കി.മി. വിസ്തൃതിയുള്ള പ്രദേശത്തെ 21 വാർഡുകളായി തരം തിരിച്ചിരിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം 17,949 പുരുഷൻമാരും 18,883 സ്ത്രീകളും അടക്കം ആകെ ജനസംഖ്യ 36,832 ആണ്. ആകെ 13,481 വീടുകളാണ് ഈ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നത്. ജനസംഖ്യ പ്രകാരം 5,458 പട്ടികജാതിക്കാരും, 130 പട്ടികവർഗ്ഗക്കാരും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. മാറനല്ലൂർ ഗ്രാമപഞ്ചായത്ത് മാറനല്ലൂർ റവന്യൂ വില്ലേജിൽ ഉൾപ്പെട്ട പ്രദേശമാണ്. വടക്ക് കാട്ടാക്കട ഗ്രാമപഞ്ചായത്തും, തെക്ക് ബാലരാമപുരം ഗ്രാമപഞ്ചായത്തും, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയും, കിഴക്ക് ആര്യൻകോട് ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് മലയിൻകീഴ് ഗ്രാമപഞ്ചായത്തുമായി അതിർത്തി പങ്കിടുന്നു. 'മാരന്റെ നല്ല ഊര്' മാറനല്ലൂർ എന്നും, 'മാറാതെ നിന്നവരുടെ നല്ല ഊര്' എന്നതിൽ നിന്നുമാണ് മാറനല്ലൂർ എന്ന പേര് കൈവന്നതെന്നാണ് അറിയപ്പെടുന്നത്. സംസ്ഥാന തലസ്ഥാനനത്തുനിന്ന് 18 കിലോമീറ്റർ അകലെയായി കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണിത്. ജനങ്ങൾ പ്രധാനമായും കൃഷി, കാലിവളർത്തൽ എന്നിവയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ 8 ാം വാർഡ് (ഓഫീസ് വാർഡ്), 9 ാം വാർഡ് (കൂവളശ്ശേരി), 10 ാം വാർഡ് (അരുവിക്കര) എന്നിവിടങ്ങളിലായാണ് പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി ഉൾപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, പോങ്ങുംമൂട്–പുന്നാവൂർ പാലവും (ചാനൽപാലം) അനുബന്ധ റോഡും പുനർനിർമ്മിക്കുന്നതിനായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമാണ്. ആയതിനാൽ തന്നെ താമസംവിനാ ഭൂമി ഏറ്റെടുത്ത് വികസന പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. നിർദ്ദിഷ്ട പ്രവർത്തികൾ പൂർത്തീകരിക്കുന്നതോടെ

നിലവിലെ പാലത്തിന്റെ അപകടാവസ്ഥ ഒഴിവാക്കുന്നതിനും സമീപ പ്രദേശങ്ങളിലേക്കുള്ള ഗതാഗതം സുഖമമാക്കുന്നതിന് സഹായിക്കുകയും ചെയ്യും.

## 2.2 പദ്ധതിയുടെ അടിസ്ഥാനം

- കേരള സംസ്ഥാന സർക്കാർ അംഗീകാരം നൽകി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ് പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും എന്ന വികസന പദ്ധതി.
- പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിച്ച അവസരത്തിൽ 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമമാണ് നിലവിൽ ഉണ്ടായിരുന്നത്. എന്നാൽ 1894 ലെ നിയമം കേന്ദ്ര സർക്കാർ 2013 ൽ പരിഷ്കരിക്കുകയും പകരമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങൾ 2014 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. തുടർന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ച് 2015 സെപ്തംബർ 23 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനിടയിലുള്ള കാലഘട്ടത്തിൽ അടിയന്തിര സാഹചര്യങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ജില്ലാ കളക്ടർ ആരംഭിച്ചത്.
- 2013 ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ റവന്യൂ വകുപ്പിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി.
- 2013 ലെ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള സർക്കാരിന്റെ 2019 മാർച്ച് 13 ലെ അസാധാരണ ഗസറ്റ് വാല്യം 8 നമ്പർ 692 വിജ്ഞാപന പ്രകാരം പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി.
- പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ആവശ്യമായി വരുന്ന ഏകദേശം 0.16 ഹെക്ടർ സ്ഥലത്താണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.
- പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ആകെ ആവശ്യമായിവരുന്ന ഭൂമി നിലവിലെ റോഡിന്റെ ഇരുവശങ്ങളിൽനിന്നുമായി താരതമ്യേന ഏറ്റക്കുറച്ചിലുകൾ ഇല്ലാതെയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 2013 ലെ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകണമെന്നാണ് ആഘാതബാധിതർ ആവശ്യപ്പെടുന്നത്.
- സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് & ബ്രിഡ്ജസ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അർഥനാധികാരിയും, പൊതുമരാമത്ത് വകുപ്പ് സതേൺ സർക്കിൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമാണ്.

- 2015 സെപ്തംമ്പർ 23 ാം തിയ്യതി കേരള സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളുടെ ഭാഗമായി ചട്ടങ്ങൾ രൂപീകരിക്കുകയും, സംസ്ഥാന നയം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സുതാര്യതയും ന്യായമായ നഷ്ടപരിഹാരവും ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു.

- പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും നടപ്പിലാകുന്നതിലൂടെ താഴെ പറയുന്ന ഗുണങ്ങൾ അനുഭവവേദ്യമാകുന്നതാണ്.

    - ★ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ പാലത്തിന്റെ പുനർനിർമ്മാണം
    - ★ മെച്ചപ്പെട്ട റോഡ് ശൃംഘല
    - ★ പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര വരെയുള്ള സുഖമമായ സഞ്ചാരം
    - ★ കുറഞ്ഞ തോതിലുള്ള ഗതാഗത സ്തംഭനവും, അപകടങ്ങളും
    - ★ വിശാലവും, സുഖപ്രദവുമായ റോഡ്
    - ★ മലിനീകരണ തോത് കുറക്കുവാൻ സാധിക്കുന്നു
    - ★ വാഹന പരിപാലന ചെലവ് കുറയുന്നു
    - ★ നിലവിലുള്ള പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന റോഡ്, കൊറ്റംപള്ളി റോഡ്, ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡ്, കൂവളശ്ശേരി നെയ്യാറ്റിൻകര റോഡ് എന്നിവയെ പോങ്ങുംമൂട്–പുന്നാവൂർ റോഡുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നു

### 2.3 പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം

പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും വൈകുന്നതുമൂലം അപകടാവസ്ഥയിലായ പാലത്തെക്കുറിച്ച് ജനങ്ങൾ ആശങ്കയിലാണ്. ആറ് മാസങ്ങൾക്ക് മുമ്പ് ടിപ്പർ ലോറി പാലത്തിനു താഴേക്ക് മറിഞ്ഞത് ഈ ആശങ്ക വർദ്ധിപ്പിക്കുന്നതാണ്. പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര എത്തിച്ചേരുന്ന റോഡ് ഈ പ്രദേശവാസികൾക്ക് കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ പ്രധാന പാതകളിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗമാണ്. കൂടാതെ തിരുവനന്തപുരം പട്ടണത്തിലേക്കും, തിരിച്ചും, സമീപസ്തമായ നിരവധി സ്ഥലങ്ങളിലേക്കും വ്യത്യസ്ത ആവശ്യങ്ങൾക്കായി ആളുകൾ നിരന്തരം സഞ്ചരിക്കുന്ന പാതയാണിത്. കൂടാതെ വളരെ പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ഈ പാലം നിലവിൽ അപകടാവസ്ഥയിലാണെന്ന് പ്രദേശവാസികൾ ആശങ്കപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും താമസംവിന പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരത്തിൽ നവീകരണ പ്രവർത്തികൾ പൂർത്തിയാകുന്നതിലൂടെ വാഹന ഗതാഗതം സുഖമമാക്കുന്നതിനും, അനുബന്ധ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നതാണ്. നിലവിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ വിന്യാസത്തിൽ മാറ്റങ്ങൾ വരുത്താതെ നിർദ്ദിഷ്ട വികസന പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ഏറ്റവും അനുയോജ്യമായ മാർഗ്ഗം. ഇങ്ങനെ ചെയ്യുന്നതിലൂടെ സ്വകാര്യ

വ്യക്തികളുടെ ഏറ്റവും ചുരുങ്ങിയ ഭൂമി മാത്രം ഏറ്റെടുത്ത് പ്രത്യാഘാതത്തിന്റെ തോത് ലഘൂകരിക്കുന്നതിന് സാധിക്കും.

വീതി കുറഞ്ഞതും, അപകടകരവുമായ ഈ പാലം പുനർനിർമ്മിച്ച് അനുബന്ധ റോഡ് വീതികൂട്ടുകയും ചെയ്യുമ്പോൾ പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര വരെയുള്ള വാഹന ഗതാഗതം സുഖമമാവുകയും പ്രദേശവാസികളുടെ പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുകയും ദൈനംദിന ആവശ്യങ്ങൾക്കായുള്ള യാത്ര സുഖകരമാവുകയും ചെയ്യും. യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ വാഹനങ്ങൾ സഞ്ചരിക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്.

പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും ഈ പ്രദേശത്ത് താമസിക്കുന്നവരുടെ അടിയന്തിരമായ വികസന ആവശ്യമായതിനാൽതന്നെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും നൽകുന്നതിന് ആഘാതബാധിതരായവർ തയ്യാറാണെന്നാണ് മനസ്സിലാക്കുന്നത്. മേൽ സൂചിപ്പിച്ച എല്ലാ വിലയിരുത്തലുകളും അനുസരിച്ച് പ്രസ്തുത റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, പോങ്ങുംമൂട്-പുന്നാവൂർ റോഡിന്റെ പണി, പാലവും അനുബന്ധ റോഡിന്റെ വീതികൂട്ടലും, ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിക്കുകയോ, പരിഗണിക്കുകയോ ചെയ്യേണ്ടതില്ല.

## 2.4 നിർമ്മാണ ഘട്ടങ്ങൾ

പോങ്ങുംമൂട്-പുന്നാവൂർ വഴി അരുവിക്കര വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തികളിൽ പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും മാത്രമാണ് ഇനി പൂർത്തീകരിക്കേണ്ടത്. ഈ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് നിലവിലുള്ള പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന റോഡ്, കൊറ്റംപള്ളി റോഡ്, ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡ്, കൂവളശ്ശേരി നെയ്യാറ്റിൻകര റോഡ് എന്നിവയെ പോങ്ങുംമൂട്-പുന്നാവൂർ റോഡുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നു മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തികളൊന്നും ഇല്ലാത്തതിനാൽ ഒറ്റ ഘട്ടമായി ഭൂമി ഏറ്റെടുത്ത് പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

ഏകദേശം 0.16 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. പദ്ധതി നിർവ്വഹണ ചുമതല വഹിക്കുന്ന പൊതുമരാമത്ത് വകുപ്പ് റോഡിനിരുവശത്തും ആവശ്യമായ ഓവുചാലുകളും, കാൽനട യാത്രക്കാർക്കായുള്ള നടപ്പാതയും നിർമ്മിച്ച് ഗുണമേൻമ ഉറപ്പുവരുത്തേണ്ടതും, വൈദ്യുതി കമ്പി, കാലുകൾ, ടെലിഫോൺ വയറുകൾ, പോസ്റ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയെല്ലാം പര്യാപ്തമായ രീതിയിൽ പുനർക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നതുമാണ്.

## 2.6 അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിലവിലുള്ള റോഡിൽ സ്ഥിതിചെയ്യുന്ന പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും മാത്രമായതിനാൽ അനുബന്ധമായ ഭൗതീക സൗകര്യങ്ങൾ ഒന്നും നിർമ്മിക്കേണ്ടതായി വരുന്നില്ല. എന്നിരുന്നാലും ഭൂമി ഏറ്റെടുത്ത് പാലത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ റോഡിന്റെ ഉയരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ റോഡിലേക്ക് എത്തിച്ചേരുന്ന നിലവിലുള്ള പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന റോഡ്, കൊറ്റംപള്ളി റോഡ്, ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡ്, കൂവളശ്ശേരി നെയ്യാറ്റിൻകര റോഡ് എന്നിവയെ പോങ്ങുംമൂട് പുന്നാവൂർ വഴി അരുവിക്കര വരെയുള്ള റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണെന്ന് ആഘാതബാധിതർ ആവശ്യപ്പെടുന്നുണ്ട്.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട റോഡ് വികസന പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈധഗ്ദ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും, നിശ്ചിതസമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. ഇതിനായി അത്യാധുനീകമായ ഉപകരണങ്ങളും, വൈദഗ്ദ്യമുള്ള എൻജിനീയർമാരും അത്യന്താപേക്ഷിതമാണ്. ഈ പ്രദേശത്തേക്കുള്ള ഏക സഞ്ചാര പാത നിലവിലെ റോഡ് മാത്രമായതിനാൽ നിർമ്മാണ ഘട്ടത്തിൽ റോഡ് തടസ്സപ്പെടുത്തുകയോ, താൽക്കാലികമായി ഗതാഗം നിരോധിക്കുകയോ ചെയ്യുന്ന അവസ്ഥ പ്രദേശവാസികൾക്ക് ബുദ്ധിമുട്ടാകുമെന്നുള്ള ആശങ്ക ജനങ്ങൾക്കുണ്ട്. ആയതിനാൽ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞാൽ താമസംവിനാ പദ്ധതി പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തദ്ദേശീയർക്കും, പുറമേനിന്നുള്ളവർക്കും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.8 മുമ്പ് നടത്തിയ പഠനങ്ങൾ

പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലും എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് ഇത്തരത്തിലുള്ള ആദ്യ പഠനം.

## 2.9 ഉപയുക്തമായ നയങ്ങളും, നിയമങ്ങളും

പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും, ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും.
- കേരള സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂമി ഏറ്റെടുക്കൽ നയരേഖ.
- 2005 ലെ വിവരാവകാശ നിയമം
- വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016 ലെ ആക്ട്.

**വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016**

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തീകമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകതയാണ്.

**വിവരാവകാശ നിയമം 2005**

പൗരൻമാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രീയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനുവേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരൻമാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## അദ്ധ്യായം – 3

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും

### 3.1 പശ്ചാത്തലം

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 തിയ്യതിയിലെ കെ–89903/16 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 200 ആർ വരെയുള്ള പൊന്നുംവില നടപടികളിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്ലാനറ്റ് കേരളയെ എംപാനൽ ചെയ്ത് ചുമതലപ്പെടുത്തി.

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു–സ്വകാര്യ സ്വത്ത്വഹകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠനപ്രക്രീയ നടത്തുന്നത്. ഈ പഠനപ്രക്രീയയുടെ ഭാഗമായി പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രീയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘ ചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും.

ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കേണ്ടിവരികയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തീകവുമായ സുസ്ഥിരതക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിലോ കൂടുതൽ മെച്ചപ്പെട്ട തരത്തിലോ ആഘാതബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽക്കണ്ടാണ് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

(i) പദ്ധതിയുടെ സാമൂഹ്യ സാമ്പത്തീക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയവിനിമയവും

(iii) 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും,പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ച് മനസ്സിലാക്കുക.

(iv) ഉത്തരവാദിത്വങ്ങൾ പങ്കുവെക്കലും ഏറ്റെടുക്കലും.

**മാതൃക 3.1 സാമൂഹ്യപ്രത്യാഘാത പഠന സമീപനവും രീതിശാസ്ത്രവും**

| | | |
|---|---|---|
| ഘട്ടം – I<br>പഠന മുന്നൊരുക്കങ്ങൾ | **അവലോകനം–പഠനം–ചർച്ചകൾ**<br>◆ റവന്യൂ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച<br>◆ സംയുക്ത സ്ഥലപരിശോധന<br>◆ ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ പഠനം<br>◆ അനുബന്ധ നിയമങ്ങളുടെ പഠനം<br>◆ അനുബന്ധ രേഖകൾ കണ്ടെത്തൽ, പഠനം<br>◆ വാർഡ് കൗൺസിലർമാരുമായി ചർച്ച | **ഫീൽഡ്തല പ്രവർത്തനങ്ങൾ**<br>◆ ദ്വിതീയവിവര ശേഖരണം–വില്ലേജ് ഓഫീസ്<br>◆ ചോദ്യാവലി തയ്യാറാക്കൽ<br>◆ വിവരശേഖരണത്തിനുള്ള സംഘങ്ങളെ നിജപ്പെടുത്തൽ<br>◆ സംഘാങ്ങൾക്കുള്ള പരിശീലനം |
| ഘട്ടം – II<br>സാമൂഹ്യ പ്രത്യാഘാത പഠനം | **ഫീൽഡ്തല സ്ഥിതിവിവര ശേഖരണം**<br>◆ ആഘാതബാധിതരുടെ സ്ഥിതിവിവര ശേഖരണം<br>◆ സാമൂഹ്യ–സാമ്പത്തീക വിവര ശേഖരണം<br>◆ നേരിട്ടുള്ള അഭിമുഖം<br>◆ പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>◆ കേന്ദ്രീകൃത സംഘ ചർച്ചകൾ<br>◆ വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ | **നടത്തിപ്പ് ക്രമീകരണങ്ങൾ**<br>◆ നിയമ–ചട്ട–മാർഗ്ഗനിർദ്ദേശങ്ങളുടെ അവലോകനം<br>◆ വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള പുനരധിവാസ കർമ്മപദ്ധതി തയ്യാറാക്കൽ ചർച്ചകൾ<br>◆ ഉള്ളടക്ക വിശകലനം<br>◆ ഫീൽഡ് പ്രവർത്തന ആസൂത്രണം, സ്ഥിതിവിവര ശേഖരണം, വിശകലനം<br>◆ സാമൂഹ്യ പ്രത്യാഘാത കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| ഘട്ടം – III<br>പഠനാനന്തരം | **വിവര വിശകലനവും റിപ്പോർട്ടും**<br>◆ സ്ഥിതിവിവര ക്രോഡീകരണം–വിശകലനം<br>◆ പട്ടിക തയ്യാറാക്കൽ<br>◆ പഠന റിപ്പോർട്ടിന്റെ അന്തിമരൂപരേഖ തയ്യാറാക്കൽ<br>◆ സ്ഥിതിവിവര ഫല വിശകലനം<br>◆ കേന്ദ്രീകൃത സംഘ ചർച്ചകൾ<br>◆ കരട് റിപ്പോർട്ട് സമർപ്പണവും പ്രസിദ്ധീകരണവും | **പഠന റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ**<br>◆ കരട് പഠന റിപ്പോർട്ട് അവതരണം<br>◆ പ്രാദേശിക ഗവൺമെന്റ് പ്രതിനിധികളുമായുള്ള ചർച്ചകൾ<br>◆ ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ<br>◆ പബ്ലിക് ഹിയറിംഗ് സംഘാടനം<br>◆ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കൽ, പരിഗണിക്കൽ<br>◆ അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ |

മാതൃക 3.1. സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തിനായി അവലംബിച്ച സമീപനങ്ങളും, രീതിശാസ്ത്രങ്ങളും, നടപടി ക്രമങ്ങളുമാണ് വിശദമായി ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

- വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ
- റവന്യൂ, പൊതുമരാമത്ത് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നുള്ള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായുള്ള ആശയവിനിമയവും
- ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, വസ്തുവഹകളുടെയും കണക്കെടുപ്പും, വിവരശേഖരണവും
- സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ വിശകലനം

- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- പദ്ധതി പ്രദേശത്തെ പൊതു ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.
- പബ്ലിക് ഹിയറിംഗ്
- അന്തിമ റിപ്പോർട്ട് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കൽ

### 3.3 ഡെസ്ക് റിസേർച്ച്

ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട ആവശ്യമായ എല്ലാ രേഖകളും പഠന സംഘം പരിശോധിച്ച് വിശകലനം ചെയ്യുകയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ടുള്ള ഇതര പഠന റിപ്പോർട്ടുകൾ പരാമർശിക്കുകയും പഠനവിഷയമാക്കുകയും ചെയ്തു.

### 3.4 സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം

പ്ലാനറ്റ് കേരളയുടെ എക്സിക്യൂട്ടീവ് ഡയക്ടറും, സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റിന്റെ ചെയർമാനുമായ ശ്രീ. ആന്റണി കുന്നത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘമാണ് നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച പഠനം നടത്തിയത്. സാമൂഹ്യ, വികസന രംഗങ്ങളിൽ പ്രവർത്തി പരിചയമുള്ളവരും, സാമൂഹ്യ – സാമ്പത്തീക സ്ഥിതിവിവര ശേഖരണത്തിൽ പ്രാവീണ്യമുള്ളവരുമായ അഞ്ച് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനസംഘമാണ് പ്രാദേശീകമായ തലത്തിൽ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചത്. ലഭ്യമായ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വികസന രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുന്ന വ്യക്തികളുടെ സേവനങ്ങളും ഈ പഠനത്തിനായി വിനിയോഗിച്ചു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം റവന്യൂ, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൃത്യമായി ലഭിച്ചതിനാൽ പഠന പ്രക്രീയ തടസ്സമില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. പഠനസംഘത്തിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്:

| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
|---|---|---|---|
| 1 | ആന്റണി കുന്നത്ത് | രാഷ്ട്രമീമാംസയിലും, സാമൂഹ്യശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം, കമ്യൂണിറ്റി ഡവലപ്മെന്റിൽ അന്താരാഷ്ട്ര ഡിപ്ലോമ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാൻ | വികസന രംഗത്ത് 25 വർഷത്തെ പരിചയം |
| 2 | ജയകുമാർ. എൽ | സാമൂഹ്യശാസ്ത്രത്തിൽ ബിരുദം<br>പഠന സംഘം ലീഡർ | വികസന രംഗത്ത് 26 വർഷത്തെ പരിചയം |
| 3 | അൻസ എ. എസ്. | ബിടെക്, എം.ബി.എ.<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |

| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
|---|---|---|---|
| 4 | സിന്ധു പഴനി | പ്രീ ഡിഗ്രി<br>പഠന സംഘാഗം | വികസന രംഗത്ത് 4 വർഷത്തെ പരിചയം |
| 5 | ഷാനാമോൾ എസ്.ആർ | പ്രീ ഡിഗ്രി<br>പഠന സംഘാഗം | വികസന രംഗത്ത് 5 വർഷത്തെ പരിചയം |

### 3.5 ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീത വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാതബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രഥമവിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തീക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.6 പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തുന്നതിന് മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പ്രാരംഭമായി സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽനിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടേയും, ആവശ്യകതയുടേയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതിപ്രദേശവും, ആഘാതബാധിതരായ വ്യക്തികളേയും, കുടുംബങ്ങളേയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസത്തിൽ പ്രാഥമീക വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ജൂൺ മാസത്തിൽ ക്രോഡീകരിക്കുകയും 2019 ജൂലൈ 8 ന് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് സമർപ്പിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ലെ ആക്റ്റിലും, ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് 2019 ജൂലൈ മാസം 25 ാം തിയ്യതി മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നടത്തി.

### 3.7 സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം

പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നടത്തുന്നതിന് മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, സ്ഥാപനങ്ങളുടേയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള വിവരങ്ങൾ മാറനല്ലൂർ വില്ലേജ് ഓഫീസിൽനിന്നും ശേഖരിച്ചു. വില്ലേജ് ഉദ്യോഗസ്ഥരുടെ സഹകരണം ഉണ്ടായിരുന്നതിനാൽ വിവരശേഖരണം സുഗമമായിരുന്നു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശിക തലത്തിൽ സാമൂഹ്യ സാമ്പത്തീക

സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു (ചോദ്യാവലി അനുബന്ധം 2 ഉള്ളടക്കം ചെയ്തിരിക്കുന്നു) ആഘാതബാധിതരായ വ്യക്തികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, നിർമ്മിതിയുടെ തരം, സാമൂഹ്യ സ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തിവിവരങ്ങൾ, ഉടമസ്ഥനോ, വാടകക്കാരനോ എന്ന് തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ, വരുമാനം, ചെലവ്, വീട്ടിലെ മുതലുകൾ, വാണിജ്യ, വ്യവസായ, സ്വയംതൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവിരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിന് മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ്, നികുതിശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെയുള്ള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

### 3.8 സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും, വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റാ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻ കരുതലുകൾ സംഘാംഗങ്ങൾ എടുത്തിരുന്നു.

### 3.9 സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

### 3.10 പൊതുസമൂഹവുമായുള്ള പര്യാലോചന/പബ്ലിക് ഹിയറിംഗ്

നിർദ്ദിഷ്ട റോഡ് വികസന പദ്ധതിയെക്കുറിച്ചും ആയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചും ആഘാതബാധിതരും, പൊതുസമൂഹവുമായും പര്യാലോചനകൾ നടത്തുന്നതിനായി അഭിമുഖങ്ങളും ചർച്ചകളും നടത്തുകയും ജനാഭിപ്രായവും, ആഘാതബാധിതരുടെ ആവശ്യങ്ങളും, പ്രതീക്ഷിക്കുന്ന നഷ്ടപരിഹാരവും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ കാഴ്ചപ്പാടുകളും ആവശ്യങ്ങളും, പ്രത്യാഘാതത്തിന്റെ തോത് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് 2019 ജൂലൈ മാസം 25 ാം തിയ്യതി മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നടത്തുകയും നിർദ്ദിഷ്ട പദ്ധതിയെ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽനിന്ന് ലഭിച്ച വിവരങ്ങളും, അറിവുകളും ആഘാതബാധിതരുമായി പങ്കുവെക്കുകയും, ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, വരുമാനവും, ഉപജീവന സാധ്യതകളും വീണ്ടെടുക്കൽ, തൊഴിൽ വർദ്ധനവ്, വിവരങ്ങളുടെ ലഭ്യത, തർക്കപരിഹാരങ്ങൾ, സുരക്ഷ, ഭരണാധികാരികളുടെ പങ്ക് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ആവശ്യമായ ദിശാബോധം

ജനങ്ങൾക്ക് നൽകുന്നതിന് സാധിക്കുകയും ചെയ്തു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളാണ് അവലംബിച്ചത്

1) അനൗപചാരിക വ്യക്തിഗത കൂടിയാലോചനകൾ
2) കേന്ദ്രീകൃത സംഘ ചർച്ചകൾ
3) വ്യക്തി കേന്ദ്രീകൃത ചർച്ചകൾ
4) പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖങ്ങളും, ചർച്ചകളും
5) പബ്ലിക് ഹിയറിംഗ്

**പബ്ലിക് ഹിയറിംഗ്:** 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് 2019 ജൂലൈ മാസം 25 ാം തിയ്യതി മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് ഉച്ചക്കുശേഷം 3.00 മണിക്ക് ചേരുകയും ഹിയറിംഗിൽ കാട്ടാക്കട എം.എൽ.എ. ശ്രീ. ഐ.ബി. സതീഷ്, ആഘാത ബാധിതരായ 16 കുടുംബങ്ങളിൽ നിന്നായി 14 പേരും, റവന്യൂ വകുപ്പിനെ പ്രതിനിധീകരിച്ച് 3 പേരും, പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് 1 ആളും, മാറനല്ലൂർ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീമതി എസ്. രമയും, 4 വാർഡ് മെമ്പർമാരും, സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ പ്രതിനിധീകരിച്ച് 4 പേരും, ചേർന്ന് ആകെ 28 പേർ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തു.

പബ്ലിക് ഹിയറിംഗിൽ റവന്യൂവകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീ. ബി.എസ്. സുബോധ് കുമാർ (സ്പെഷ്യൽ തഹസിൽദാർ എൽ.എ. പിഡബ്ല്യു.ഡി), ശ്രീ. നാഗേഷ് ബി.ആർ. (വാല്യുവേഷൻ അസിസ്റ്റന്റ്) ശ്രീ. ബിഫു. കെ.ബി. (എസ്.വി.ഒ) എന്നിവരും, പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീ. രാംകുമാർ. എ.എസ് (ഓവർസിയർ) മാറനല്ലൂർ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീമതി. എസ്. രമ, വാർഡ് മെമ്പർമാരായ ശ്രീമതി. ഡീനകുമാരി. കെ.എസ്. (ഒഫീസ് വാർഡ്) ശ്രീമതി. ശോഭനാ തങ്കച്ചി (അരുവിക്കര വാർഡ്) ശ്രീ. ജോയി. എസ്., ശ്രീ. മുരളീധരൻ നായർ എന്നിവരും പങ്കെടുത്തു. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ പ്രതിനിധീകരിച്ച് ചെയർമാൻ ശ്രീ. ആന്റണി കുന്നത്ത് ഉൾപ്പെടെ നാല് പേർ പങ്കെടുക്കുകയും, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എസ്. രമ അധ്യക്ഷത വഹിച്ച യോഗത്തിൽ കാട്ടാക്കട എം.എൽ.എ. ശ്രീ. ഐ.ബി. സതീഷ് പങ്കെടുത്ത് നിർദ്ദിഷ്ട പദ്ധതി പരമാവധി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയുണ്ടായി. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് ചെയർമാൻ ശ്രീ. ആന്റണി കുന്നത്ത് പബ്ലിക് ഹിയറിംഗ് നടപടികൾ നിയന്ത്രിക്കുകയും, സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു. ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ടവർ മറുപടി നൽകുകയും, നൽകിയ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. (വിശദ വിവരങ്ങൾ അനുബന്ധം 11 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു)

### 3.11 പഠനത്തിന്റെ പരിമിതികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നീതിപൂർവ്വമായ സുതാര്യത ഉറപ്പാക്കുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പരിമിതികൾ താഴെപറയുന്നവയാണ്.

1) നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ഏതാനും പേർക്ക് മാത്രമേ അറിവുണ്ടായിരുന്നുള്ളു. ആയതിനാൽതന്നെ പഠനമെങ്ങനെ ആയിരിക്കും, പഠനപ്രക്രീയ മൂലം ഭൂമിഏറ്റെടുക്കൽ വീണ്ടും വൈകുമോ മുതലായ ആശങ്കകൾ ജനങ്ങൾക്കുണ്ടായിരുന്നു. കാരണം പദ്ധതിയുടെ പൂർത്തീകരണം അനിശ്ചിതമായി നീണ്ടുപോകുന്നതിലുള്ള നീരസം ജനങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി.
2) ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ സന്ദർശനം നടത്തേണ്ടതായി വന്നു. ഏതാനും ചില ഭൂഉടമസ്ഥർ പദ്ധതി പ്രദേശത്തിന് വെളിയിലോ, സിറ്റിയിലോ, മറ്റ് ജില്ലകളിലോ താമസിക്കുന്നതിനാൽ അവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് നിരവധി തവണ ബന്ധപ്പെടേണ്ടതായി വന്നു.
3) 4(1) വിജ്ഞാപന പ്രകാരം 13 സർവ്വെ നമ്പറുകളാണ് ഉണ്ടായിരുന്നത് എങ്കിലും സബ്ഡിവിഷൻ മുതലായ കാരണങ്ങളാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വെ നമ്പറുകളുടെ എണ്ണം 16 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ നിബന്ധനകൾക്ക് വിധേയമായി കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി എന്നയാളും ഉൾപ്പെടുന്നു (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ ചാനൽ പുറമ്പോക്ക്)

## അദ്ധ്യായം – 4

## ഭൂനിർണ്ണയം

**ആമുഖം**

ആഘാത ബാധിതമായ മുഴുവൻ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2019 ജൂൺ മാസത്തിൽ പൂർത്തീകരിക്കുകയും, ആഘാത ബാധിതമായ വസ്തുവഹകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും, ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭ്യമാക്കുന്നതിന് സാമൂഹ്യ-സാമ്പത്തീക സ്ഥിതിവിവരണ കണക്കെടുപ്പ് സഹായകരമായി. പഠന വിശകലനങ്ങളുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകൾ ആണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങളാണ് പട്ടിക 4.1 ൽ സൂചിപ്പിച്ചിരിക്കുന്നത്. 2019 മാർച്ച് 13 ാം തിയ്യതിയിലെ 692 ാം നമ്പർ 4(1) വിജ്ഞാപനപ്രകാരം ആകെ 13 സർവ്വേ നമ്പറുകളിലായി ഏകദേശം 0.16 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ നിലവിൽ ഭൂമി സബ്ഡിവിഷൻ മറ്റുമായി 16 പേരുടെ ഉടമസ്ഥതയിലുള്ളതായാണ് ഫീൽഡ് തലത്തിൽ പഠനം നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. ആയതിനാൽ നിലവിലുള്ള 16 ഭൂഉടമസ്ഥരിൽനിന്നാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന 0.16 ഹെക്ടർ ഭൂമി മുഴുവനായും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ആകെയുള്ള 16 ഭൂമിയിൽ ഒരെണ്ണം നിബന്ധനകൾക്ക് വിധേയമായി കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലാണുള്ളത് (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ ചാനൽ പുറമ്പോക്ക്) ഏറ്റെടുക്കേണ്ട ഭൂമിയിൽ ഈ ഒരെണ്ണം ഒഴികെ ശേഷിക്കുന്ന 15 എണ്ണവും സ്വകാര്യ വ്യക്തികളുടെ കൈവശമാണുള്ളത്. ആയതിനാൽ പ്രത്യാഘാത പഠനം നടത്തിയ 16 വ്യക്തികൾ/കുടുംബങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിലായി ആകെ 59 ജനസംഖ്യയാണ് ഉള്ളത്. ആകെയുള്ള 16 ഭൂവസ്തുക്കളിൽ ഒന്നിനേയും പൂർണ്ണമായി ബാധിക്കുന്നില്ലാത്തതും 16 എണ്ണം ഭാഗീകമായും ഏറ്റെടുക്കേണ്ടി വരുന്നതുമാണ്. ആയതിനാൽ 16 ഭൂവസ്തുക്കൾ ഭാഗീകമായി ആഘാതമേൽക്കുകയും അവയിൽ ഒന്ന് ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലും ബാക്കി 15 എണ്ണം സ്വകാര്യ ഉടമസ്ഥതയിൽ വരുന്നതുമാണ്. ഭൂഉടമസ്ഥരിൽ 14 പേർ ഭൂമി കൃഷി ആവശ്യങ്ങൾക്കും, 2 പേർ വ്യാപാരം/വ്യവസായം എന്നീ ആവശ്യങ്ങൾക്കുമായാണ് ഭൂമി ഉപയോഗിക്കുന്നത്. ഭൂരേഖകൾ പ്രകാരം ആഘാത ബാധിതരായി ആകെ 16 പേരാണുള്ളത്.

| പട്ടിക 4.1 ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | |
|---|---|
| **ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ)** | |
| 4(1) വിജ്ഞാപനപ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) | 0.16 |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0.16 |
| ചാനൽ പുറമ്പോക്ക് (ആർ) | 0.90 |
| **ആകെ (ഹെക്ടർ)** | 0.16 |
| **വസ്തുവഹകളിലുള്ള പ്രത്യാഘാതം** | |
| ആഘാത ബാധിതമായ ആകെ വസ്തുക്കളുടെ എണ്ണം | 16 |
| ഭൂഉടമസ്ഥരുടെ എണ്ണം | 22 |
| സ്വകാര്യ വസ്തുക്കളുടെ എണ്ണം | 15 |
| കൈവശാവകാശം (ചാനൽ പുറമ്പോക്ക്) വസ്തുക്കളുടെ എണ്ണം | 1 |
| ഏറ്റെടുക്കേണ്ട വസ്തു – ഭൂമിയും കൃഷിയും | 6 |
| ഏറ്റെടുക്കേണ്ട വസ്തു – ഭൂമിയും നിർമ്മിതികളും | 2 |
| ഏറ്റെടുക്കേണ്ട വസ്തു – ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ | 8 |
| ഏറ്റെടുക്കേണ്ട വസ്തു – പൂർണ്ണമായും | 0 |
| ഏറ്റെടുക്കേണ്ട വസ്തു – ഭാഗീകമായി | 16 |
| ആഘാത ബാധിതരായ ജനസംഖ്യ | 59 |

**പട്ടിക 4.1 ആഘാതബാധിതർ വാർഡ് തിരിച്ച്**

| വസ്തുവിന്റെ തരം | എണ്ണം |
|---|---|
| ഓഫീസ് വാർഡ് (8) | 7 |
| കൂവളശ്ശേരി വാർഡ് (9) | 3 |
| അരുവിക്കര വാർഡ് (10) | 6 |
| **ആകെ** | **16** |




**പദ്ധതി പ്രദേശത്തിന് സമീപത്തുള്ള പൊതു, സ്വകാര്യ സ്ഥാപനങ്ങളുടെ സ്ഥിതിവിവരം**

| നമ്പർ | ഇനം |
|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസ് |
| 2 | കൃഷി ഭവൻ |
| 3 | ഹയർ സെക്കറി സ്കൂൾ |
| 4 | പോലീസ് സ്റ്റേഷൻ |
| 5 | ഇലക്ട്രിസിറ്റി ഓഫീസ് |
| 6 | കല്യാണ മണ്ഡപം |
| 7 | ആയുർവേദ ആശുപത്രി |
| 8 | പ്രൈമറി ഹെൽത്ത് സെന്റർ |
| 9 | വാഹന സർവ്വീസ് സെന്റർ |
| 10 | കെ.ജി.റ്റി.ഇ പഠന കേന്ദ്രം |

## 4.2 പദ്ധതിപ്രദേശത്തിന്റെ രേഖാചിത്രം

**പോങ്ങുമ്മൂട് പുന്നാവൂർ പാലവും അനുബന്ധ റോഡ് വികസനവും**
**ഇലക്ട്രിക്കൽ ലൈൻ സ്കെച്ച് സഹിതം**




## 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ആകെ 16 ഭൂഉടമകളിൽ നിന്നായി 0.16 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ആകെയുള്ള 16 ഭൂമിയിൽ ഒരെണ്ണം നിബന്ധനകൾക്ക് വിധേയമായി കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലാണുള്ളത് (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ ചാനൽ പുറമ്പോക്ക്) ഏറ്റെടുക്കേണ്ട ഭൂമിയിൽ ഈ ഒരെണ്ണം ഒഴികെ ശേഷിക്കുന്ന 15 എണ്ണവും സ്വകാര്യ വ്യക്തികളുടെ കൈവശമാണുള്ളത്. ഏറ്റെടുക്കേണ്ട 16 എണ്ണം ഭൂവസ്തുക്കൾ 22 ഭൂഉടമസ്ഥരുടെ പേരിലായാണുള്ളത്. ഇവരിൽ നിന്നായി 0.16 ഹെക്ടർ ഭൂസ്വത്ത് ഏറ്റെടുക്കേണ്ടതിനാൽ 16 വ്യക്തികൾ/കുടുംബങ്ങൾ പദ്ധതിയുടെ ഭാഗമായി ആഘാതബാധിതരായി കണക്കാക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ ചാനൽ പുറമ്പോക്ക് എന്ന ഒരെണ്ണം ഒഴികെ ബാക്കിയെല്ലാം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതും നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്. പൊതു ഉടമസ്ഥതയിലുള്ളതോ, പൊതു ഉപയോഗത്തിൽ ഉള്ളതോ, ശ്മശാനം മുതലായവയോ ഏറ്റെടുക്കേണ്ട പ്രദേശത്തില്ലെന്നാണ് റവന്യൂ രേഖകളിൽ കാണുന്നത്.

**പട്ടിക 4.2 ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ**

| ഉടമസ്ഥത | ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) |
|---|---|
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0.1511 |
| ചാനൽ പുറമ്പോക്ക് (കൈവശം) (ഹെക്ടർ) | 0.0089 |
| **ആകെ (ഹെക്ടർ)** | **0.16** |

പട്ടിക 4.2 സൂചിപ്പിച്ച പ്രകാരം ആകെ 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതിൽ ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലുള്ള ചാനൽ പുറമ്പോക്കായ ഭൂമി ഒഴികെ മുഴുവൻ ഭൂമിയും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്.

## 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

ആകെ ഏറ്റെടുക്കേണ്ട ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലുള്ളതും, നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്. ഇതിൽ ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലുള്ള ചാനൽ പുറമ്പോക്കായ 0.90 ആർ സ്ഥലവും ഉൾപ്പെടുന്നു.

## 4.5 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി

നിർദ്ദിഷ്ട പദ്ധതിക്കായി 16 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടതും 22 ഭൂഉടമസ്ഥരുടെ കൈവശത്തിലുള്ളതുമായ 0.16 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. 2019 മാർച്ച് 13 ലെ 692 ാം നമ്പർ 4(1) വിജ്ഞാപന പ്രകാരം 13 സർവ്വെ നമ്പറുകളിലായി 0.16 ഹെക്ടർ വിസ്തീർണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫീൽഡുതലത്തിൽ പഠനം നടത്തിയപ്പോൾ ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലുള്ള ചാനൽ പുറമ്പോക്കായ ഭൂമിയടക്കം 16 സർവ്വേ നമ്പറുകളിലുള്ള ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ആയതിനാൽ പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി 16 സർവ്വെ നമ്പറുകളിലായി 22 ഭൂഉടമസ്ഥരുടെ ഭൂമിയും, നിർമ്മിതികളും ഏറ്റെടുക്കേണ്ടിവരുന്നതിനാൽ ഇവർ ആഘാതബാധിതരാകുമെന്നാണ് കണക്കാക്കുന്നത്. ഇവർക്ക് 2013 ലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ഈ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4.6 പുനസ്ഥാപനം ആവശ്യമായ പൊതു ഉപയോഗ മുതലുകൾ സംബന്ധിച്ച് വിവരങ്ങൾ

| പട്ടിക 4.3 പുനസ്ഥാപനം ആവശ്യമായ പൊതു ഉപയോഗ മുതലുകൾ | | |
|---|---|---|
| നമ്പർ | ഇനം | എണ്ണം |
| 1 | ട്രാൻസ്ഫോർമർ 160 KVA | 1 |
| 2 | ഇരുമ്പ് പോസ്റ്റ് 11 KVA | 2 |
| 3 | സിമന്റ് പോസ്റ്റ് നമ്പറുള്ളത് | 11 |
| 4 | സിമന്റ് പോസ്റ്റ് നമ്പറില്ലാത്തത് | 2 |

പട്ടിക 4.3 അനുസരിച്ച് 160 KVA യുടെ ഒരു ട്രാൻസ്ഫോർമർ, 11 KVA യുടെ 2 ഇരുമ്പ് പോസ്റ്റ്, 11 സിമന്റ് പോസ്റ്റ് നമ്പറുള്ളതും, 2 സിമന്റ് പോസ്റ്റ് നമ്പറില്ലാത്തതും നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി പുനസ്ഥാപിക്കേണ്ടതായി വരും.

| പട്ടിക 4.4 ബാധിക്കുന്ന വസ്തുവഹകൾ എണ്ണം | | |
|---|---|---|
| വിവരണം | എണ്ണം | ശതമാനം |
| ഭൂമിയും കൃഷിയും | 6 | 38 |
| ഭൂമിയും നിർമ്മിതികളും | 2 | 12 |
| ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ | 8 | 50 |
| **ആകെ** | **16** | **100** |




പട്ടിക 4.4 സൂചിപ്പിക്കുന്ന പ്രകാരം സ്ഥിതിവിവരങ്ങൾ ശേഖരിച്ച 16 വസ്തുവഹകളിൽ 6 എണ്ണം ഭൂമിയും, കൃഷിയും ഇനത്തിലും, 2 എണ്ണം ഭൂമിയും, നിർമ്മിതികളും എന്ന ഇനത്തിലും, 8 എണ്ണം ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ എന്നിങ്ങനെയുമാണ്.

### 4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവിരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരുവിധ ഭൂമി കൈമാറ്റങ്ങളും നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഭൂഉടമസ്ഥർ എല്ലാവരും കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി ഭൂമി കൈവശംവെച്ച് അനുഭവിച്ചുവരുന്നവരാണ്.

| പട്ടിക 4.5 അവകാശ സ്വഭാവം | | |
|---|---|---|
| വിവരണം | എണ്ണം | ശതമാനം |
| പൈതൃകം | 11 | 69 |
| വാങ്ങിയത് | 4 | 25 |
| കൈവശാവകാശം | 1 | 6 |
| **ആകെ** | **16** | **100** |



**അദ്ധ്യായം – 5**
**മൂല്യനിർണ്ണയം**

**ആമുഖം**

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ തോത് സംബന്ധിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## 5.1 പ്രത്യക്ഷമായി ബാധിക്കുന്നത്

പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി റോഡിന്റെ ഇരുവശങ്ങളിലുമുള്ളതും പട്ടികയിൽ ഉൾപ്പെട്ടതുമായ ഭൂമിയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏറ്റെടുക്കേണ്ടത്. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയിലെ നിലവിലെ സ്ഥിതിവിവരങ്ങളാണ് താഴെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 5.1 പ്രത്യക്ഷമായി ബാധിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | ഭൂമിയും കൃഷിയും | ഭൂമിയും നിർമ്മിതികളും | ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ |
|---|---|---|---|---|---|---|
| 1 | ശ്യാമളകുമാരി | 10 | 262/13 | | | ✓ |
| 2 | അനിൽകുമാർ | 10 | 262/5<br>262/5-1-1 | | | ✓ |
| 3 | സജികുമാർ & ശുഭറാണി | 10 | 262/ | ✓ | | |
| 4 | ബിജുകുമാർ എസ്.എസ് | 10 | 262/1-4 | ✓ | | |
| 5 | പൊന്നുമണി ഡി | 10 | 440/10 | | ✓ | |
| 6 | ജയകുമാർ &<br>സുമ ജയകുമാർ | 10 | 441/2 | | ✓ | |
| 7 | വിജയകുമാർ ബി<br>ലളിതാംബിക ജി | 10 | 441/2-1<br>441/2-2 | | | ✓ |
| 8 | കൃഷ്ണമോഹൻ | 10 | 441/6 -1 | | | ✓ |
| 9 | ജയമോഹൻ | 10 | 441/6 | | | ✓ |
| 10 | പി. മാധവൻ നായർ | 10 | 441/7-3 | ✓ | | ✓ |
| 11 | ചന്ദ്രിക മേനോൻ | 10 | 441/ | ✓ | | ✓ |
| 12 | സരസ്വതി അമ്മ,<br>രാജ്കുമാരൻ നായർ,<br>രാമപ്പൻ നായർ,<br>മോഹനകുമാരൻ നായർ | 11 | 86/3 | ✓ | | |
| 13 | ഡോ. രേണുകാ നായർ | 11 | 86/9 | ✓ | | |
| 14 | ഡോ. സനൽകുമാർ | 11 | 86/9-1 | ✓ | | |
| 15 | ഡോ. അനൂപ് കുമാർ | 11 | 6/20 | | | ✓ |
| 16 | അശോക് കുമാർ വി | 11 | 6/2 | | | ✓ |

പട്ടിക 5.1 പ്രകാരം ആകെയുള്ള 16 ഭൂവസ്തുക്കളിൽ 6 പേരുടെ ഭൂമിയും കൃഷികളും ഭാഗീകമായും, 2 പേരുടെ ഭൂമിയും നിർമ്മിതികളും ഭാഗീകമായും, 8 പേരുടെ ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ ഭാഗീകമായും ആഘാത ബാധിതമാണ്.

### 5.2 ആഘാതബാധിതരായ കുടുംബങ്ങൾ

| പട്ടിക 5.2 ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | | |
|---|---|---|
| വിവരണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| 1 - 5 വർഷം | 1 | 6 |
| 6 - 10 വർഷം | 7 | 44 |
| 10 വർഷത്തിൽ കൂടുതൽ | 8 | 50 |
| **ആകെ** | **16** | **100** |




പട്ടിക 5.2 ൽ സൂചിപ്പിക്കുന്ന പ്രകാരം ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും, നിർമ്മിതികളും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. ആകെയുള്ള 16 ഉടമസ്ഥരിൽ 50% കഴിഞ്ഞ 10 വർഷത്തിൽ അധികമായി ഭൂമി കൈവശം വെച്ച് വരുന്നു. 6% ഉടമസ്ഥർ 1-5 വർഷങ്ങളായും, 44% ഉടമസ്ഥർ 6-10 വർഷങ്ങളായും വസ്തുവഹകൾ ഉടമസ്ഥപ്പെടുത്തിയവരാണ്.

| പട്ടിക 5.3 ബിസിനസ്സിന്റെ തരം | | | |
|---|---|---|---|
| വിവരണം | സ്വന്തം ഉടമസ്ഥത | വാടക | ആകെ എണ്ണം |
| ചായക്കട | 1 | 0 | 1 |
| പലചരക്ക്/പച്ചക്കറി | 1 | 0 | 1 |
| **ആകെ** | **2** | **0** | **2** |

പട്ടിക 5.3 പ്രകാരം ആകെ 2 വ്യാപാര/വ്യവസായ സ്ഥാപനങ്ങളാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ളത്. ഇവ രണ്ടും സ്വന്തം ഉടമസ്ഥതയിൽ നടത്തുന്നവയാണ്.

### 5.3 പരോക്ഷമായും ബാധിക്കുന്ന കുടുംബങ്ങൾ

പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നവരെയാണ് ഈ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും വ്യത്യസ്ത ആവശ്യങ്ങൾക്കായി നിരന്തരം ഈ പാതയിലൂടെ സഞ്ചരിച്ച് വിവിധ ഓഫീസുകൾ, സ്കൂൾ എന്നിവയിലേക്ക് എത്തിച്ചേരുന്നവരും, സമീപത്ത് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയിലേക്കുള്ള ടിപ്പർ ലോറികളും മറ്റ് വാഹനങ്ങളും, സഞ്ചാരികളുമാണ്.

### 5.4 ഉൽപ്പാദനക്ഷമമായ ആസ്തികളുടെ പട്ടിക

അർത്ഥനാധികാരി നൽകിയിരിക്കുന്ന രേഖകൾ പ്രകാരം ആകെ 13 സർവ്വേ നമ്പറുകളിലുള്ള 0.16 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരിക. എന്നാൽ ഫീൽഡുതലത്തിൽ പഠനം നടത്തിയപ്പോൾ ഡി. പൊന്നുമണി എന്നയാളുടെ കൈവശത്തിലുള്ള 0.90 ആർ ചാനൽ പുറമ്പോക്കായ ഭൂമിയടക്കം 16 സർവ്വേ നമ്പറുകളിലുള്ള ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി 16 സർവ്വേ

നമ്പറുകളിലുള്ളതും 22 ഭൂഉടമസ്ഥരുടെ കൈവശത്തിലുള്ളതുമായ ഭൂമിയും, നിർമ്മിതികളും ഏറ്റെടുക്കേണ്ടിവരുന്നതിനാൽ ഇവർ ആഘാതബാധിതരാകുമെന്നാണ് കണക്കാക്കുന്നത്.

| പട്ടിക 5.4 ബാധിക്കുന്ന വസ്തുവഹകൾ | |
|---|---|
| വിവരണം | ബാധിക്കുന്നവയുടെ എണ്ണം |
| ഭൂമിയും കൃഷിയും | 6 |
| ഭൂമിയും നിർമ്മിതികളും | 2 |
| ഭൂമി, ചുറ്റുമതിൽ, ഗേറ്റ്, മുള്ളുവേലി മുതലായവ | 8 |
| ട്രാൻസ്ഫോർമർ 160 KVA | 1 |
| ഇരുമ്പ് പോസ്റ്റ് 11 KVA | 2 |
| സിമന്റ് പോസ്റ്റ് നമ്പറുള്ളത് | 11 |
| സിമന്റ് പോസ്റ്റ് നമ്പറില്ലാത്തത് | 2 |

പട്ടിക 5.4 പ്രകാരം ബാധിക്കുന്ന വസ്തുവഹകളെ സംബന്ധിച്ച വിവരങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ മേൽപ്പറഞ്ഞവയെ പ്രത്യക്ഷമായി ബാധിക്കുകയും പൊതു ഉപയോഗ മുതലുകൾ പുനർക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

**വരുമാനദായകമായ മുതലുകളുടെ സ്ഥിതിവിവരം**

| പട്ടിക 5.5 വരുമാനദായകമായ മുതലുകളുടെ നഷ്ടം | | |
|---|---|---|
| നമ്പർ | ഇനം | എണ്ണം |
| 1 | തെങ്ങ് | 15 |
| 2 | വാഴ | 2 |
| 3 | തേക്ക് | 4 |
| 4 | മാവ് | 2 |
| 5 | ആഞ്ഞിലി | 2 |
| 6 | റബ്ബർ | 7 |
| 7 | മഹാഗണി | 3 |
| 8 | തണൽ വൃക്ഷം | 1 |
| 9 | പേര | 1 |
| 10 | പപ്പായ | 1 |
| | **ആകെ** | **38** |

പട്ടിക 5.5 വരുമാന ദായകമായ മുതലുകളുടെ നഷ്ടം സംബന്ധിച്ച വിവരങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്.

## അദ്ധ്യായം – 6

## സാമൂഹ്യ സാമ്പത്തീക അവസ്ഥ

**ആമുഖം**

ആഘാതബാധിതരായ കുടുംബങ്ങളുടെ സാമൂഹ്യ–സാമ്പത്തീക–സാംസ്കാരിക സ്ഥിതിവിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഫീൽഡ് തലത്തിൽ നടത്തിയ സ്ഥിതിവിവര ശേഖരണത്തിന്റെ ഭാഗമായി ജനസംഖ്യാ കണക്ക്, സാമ്പത്തീക സ്ഥിതി, ക്ലേശസാഹചര്യങ്ങൾ, സാമൂഹ്യ സാമ്പത്തീക പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ നഷ്ടം, സാമൂഹ്യ ചുറ്റുപാടുകൾ എന്നിങ്ങനെ നിരവധി അവശ്യവിവരങ്ങളാണ് ആഘാതബാധിതരായ വ്യക്തികളിൽനിന്നും, കുടുംബങ്ങളിൽ നിന്നും ശേഖരിച്ച് വിശകലനം നടത്തിയത്.

### 6.1 ജനസംഖ്യ വിവരങ്ങൾ

**പട്ടിക 6.1 ജനസംഖ്യ വയസ്സ് തിരിച്ച്**

| വയസ്സ് | ലിംഗം | | ആകെ |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | |
| 0 - 18 | 6 | 5 | 11 |
| 19 - 30 | 2 | 7 | 9 |
| 31 - 45 | 5 | 9 | 14 |
| 46 - 59 | 2 | 4 | 6 |
| 60 + | 11 | 8 | 19 |
| **ആകെ** | **26** | **33** | **59** |




പട്ടിക 6.1 ജനസംഖ്യ വയസ്സ് തിരിച്ചുള്ള വിവരണമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇതനുസരിച്ച് ആകെ 59 പേരിൽ 26 പുരുഷൻമാരും, 33 സ്ത്രീകളും ആണ് ഉള്ളത്. 0-18 വയസ്സിനിടയിലുള്ള 11 പേരും, 19-30 വയസ്സിനിടയിലുള്ള 9 പേരും, 31-45 വയസ്സിനിടയിലുള്ള 14 പേരും, 46-59 വയസ്സിനിടയിലുള്ള 6 പേരും 60 വയസ്സിന് മുകളിൽ പ്രായമുള്ള 19 പേരുമാണ് ഉള്ളത്.

**പട്ടിക 6.2 മതവിഭാഗം**

| മതവിഭാഗം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| ഹിന്ദു | 13 | 81 |
| ക്രിസ്ത്യൻ | 3 | 19 |
| **ആകെ** | **16** | **100** |




പട്ടിക 6.2 മത വിഭാഗം സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം 13 കുടുംബങ്ങൾ 81% ഹിന്ദു വിഭാഗത്തിലും, 3 കുടുംബങ്ങൾ 19% ക്രിസ്ത്യൻ വിഭാഗത്തിലും ഉൾപ്പെടുന്നു.

| പട്ടിക 6.3 സാമൂഹ്യ വിഭാഗം | | |
|---|---|---|
| **വിവരണം** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| ജനറൽ | 13 | 81 |
| ഒ.ഇ.സി | 3 | 19 |
| **ആകെ** | **16** | **100** |




പട്ടിക 6.3 സാമൂഹ്യ വിഭാഗം സംബന്ധിച്ച വിവരങ്ങളാണ്. ഇതനുസരിച്ച് ആകെയുള്ള 16 കുടുംബങ്ങളിൽ 13 എണ്ണം ജനറൽ വിഭാഗത്തിലും 3 കുടുംബങ്ങൾ ഒ.ഇ.സി വിഭാഗത്തിലും ഉൾപ്പെടുന്നതായാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കുടുംബങ്ങൾ ഈ പദ്ധതി പ്രദേശത്ത് അധിവസിക്കുന്നില്ല.

| പട്ടിക 6.4 വിവാഹസ്ഥിതി | | | |
|---|---|---|---|
| **വിവാഹസ്ഥിതി** | **ലിംഗം** | | **ആകെ** |
| | **പുരുഷൻ** | **സ്ത്രീ** | |
| വിവാഹിത/ൻ | 18 | 22 | 40 |
| അവിവാഹിത/ൻ | 7 | 9 | 16 |
| വിഭാര്യൻ/വിധവ | 1 | 2 | 3 |
| **ആകെ** | **26** | **33** | **59** |




പട്ടിക 6.4 പ്രകാരം വിവാഹിതരായ 40 പേരും കുട്ടികൾ ഉൾപ്പെടെ 16 പേർ അവിവാഹിതരുമാണ്. വിഭാര്യനായ 1 ആളും, വിധവകളായ 2 പേരും അടക്കം ആകെ 59 പേർ ഉണ്ടെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

| പട്ടിക 6.5 കുടുംബ ഘടന | | |
|---|---|---|
| **വിവരണം** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| കൂട്ട്കുടുംബം | 6 | 38 |
| അണു കുടുംബം | 10 | 62 |
| **ആകെ** | **16** | **100** |




**പട്ടിക** 6.5 പ്രകാരം ആകെയുള്ള 16 കുടുംബങ്ങളിൽ 6 കുടുംബങ്ങളിൽ 4 അംഗങ്ങളോ അതിൽ കൂടുതൽ അംഗങ്ങളോ (കൂട്ട്കുടുംബം) ഉള്ളതും 10 കുടുംബങ്ങളിൽ 4 അംഗങ്ങളോ അതിൽ താഴേയോ (അണുകുടുംബം), ഉള്ളതായി കണക്കാക്കുന്നു.

| പട്ടിക 6.6 വിദ്യാഭ്യാസ നിലവാരം | | | |
|---|---|---|---|
| വിവരണം | പുരുഷൻ | സ്ത്രീ | ആകെ |
| എൽ.കെ.ജി – 12 ാം ക്ലാസ്സ് വരെ | 9 | 8 | 17 |
| ബിരുദം/ ബിരുദാനന്തരം | 6 | 10 | 16 |
| സാങ്കേതികം/ തൊഴിൽ | 8 | 14 | 22 |
| അനൗപചാരികം | 3 | 1 | 4 |
| **ആകെ** | **26** | **33** | **59** |




പട്ടിക 6.6 അനുസരിച്ച് 17 പേർ എൽ.കെ.ജി മുതൽ 12 ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസവും, 16 പേർക്ക് ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവരും 22 പേർ സാങ്കേതിക/തൊഴിൽ വിദ്യാഭാസം നേടിയവരും 4 പേർ അനൗപചാരിക വിദ്യാഭ്യാസം നേടിയവരുമാണ്.

## 6.2 വരുമാനവും, സാമ്പത്തീകാവസ്ഥയും

| പട്ടിക 6.7 പൊതുവിതരണ സംവിധാനം തരംതിരിവ് | | |
|---|---|---|
| വിവരണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| ബി.പി.എൽ | 1 | 6 |
| എ.പി.എൽ | 15 | 94 |
| **ആകെ** | **16** | **100** |




പട്ടിക 6.7 പൊതുവിതരണ സംവിധാനം തരംതിരിച്ചിരിക്കുന്നതിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ഇതനുസരിച്ച് 1 കുടുംബം ബി.പി.എൽ വിഭാഗത്തിലും, 15 കുടുംബങ്ങൾ എ.പി.എൽ വിഭാഗത്തിലും ഉൾപ്പെടുന്നു.

| പട്ടിക 6.8 കുടുംബത്തിന്റെ മാസവരുമാനം | | |
|---|---|---|
| വിവരണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| ₹ 5000 താഴെ | 3 | 19 |
| ₹ 5001 - 10000 | 2 | 13 |
| ₹ 10001 - 20000 | 2 | 13 |
| ₹ 20001 - 50000 | 5 | 30 |
| ₹ 50001 മുകളിൽ | 4 | 25 |
| **ആകെ** | **16** | **100** |




പട്ടിക 6.8 പ്രകാരം ആഘാതബാധിതരായ കുടുംബങ്ങളുടെ പ്രതിമാസ വരുമാനം എത്രയാണെന്ന് കണക്കാക്കിയിരിക്കുന്നു. ഇതനുസരിച്ച് ₹ 5000 താഴെ വരുമാനമുള്ള 3 കുടുംബങ്ങളും, ₹ 5001 – 10000 വരുമാനമുള്ള 2 കുടുംബങ്ങളും, ₹ 10001 – 20000 വരുമാനമുള്ള

2 കുടുംബങ്ങളും, ₹ 20001 - 50000 വരുമാനമുള്ള 5 കുടുംബങ്ങളും ₹ 50001 മുകളിൽ വരുമാനമുള്ള 4 കുടുംബവുമുള്ളതായാണ് വിവരദാതാക്കൾ വെളിപ്പെടുത്തിയിരിക്കുന്നത്.

| പട്ടിക 6.9 വരുമാന മാർഗ്ഗങ്ങൾ | | |
|---|---|---|
| **വിവരണം** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| സർക്കാർ ജോലി | 3 | 19 |
| കൃഷി, പെൻഷൻ | 1 | 6 |
| ബിസിനസ്സ് | 2 | 13 |
| കൂലിപ്പണി | 1 | 6 |
| പെൻഷൻ | 8 | 50 |
| സ്വകാര്യ സ്ഥാപനം | 1 | 6 |
| **ആകെ** | **16** | **100** |




പട്ടിക 6.9 വരുമാന മാർഗ്ഗങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് 3 കുടുംബങ്ങൾ സർക്കാർ ജോലി ചെയ്യുന്നവരുടെ വരുമാനത്തേയും, 1 കുടുംബം കൃഷി, പെൻഷൻ വരുമാനത്തേയും 2 കുടുംബങ്ങൾ ബിസിനസ്സ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനത്തേയും, 1 കുടുംബം കൂലിപ്പണിയേയും 8 കുടുംബങ്ങൾ പെൻഷൻ വരുമാനത്തേയും 1 കുടുംബം സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ വരുമാനത്തേയും ആശ്രയിക്കുന്നു.

| പട്ടിക 6.10 പ്രതിമാസ ചെലവ് | | |
|---|---|---|
| **വിവരണം** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| ₹ 5001 - 10000 | 2 | 13 |
| ₹ 10001 - 20000 | 4 | 25 |
| ₹ 20001 - 50000 | 6 | 37 |
| ₹ 50001 മുകളിൽ | 4 | 25 |
| **ആകെ** | **16** | **100** |




പട്ടിക 6.10 പ്രതിമാസ ചെലവ് സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് 2 കുടുംബങ്ങൾ ₹ 5001 – 10000 ഇടയിലും, 4 കുടുംബങ്ങൾ ₹ 10001 – 20000 ഇടയിലും, 6 കുടുംബങ്ങൾ ₹ 20001 – 50000 ഇടയിലും, 4 കുടുംബങ്ങൾ ₹ 50001 മുകളിലും ചെലവഴിക്കുന്നതായാണ് വിവരദാതാക്കൾ നൽകിയ വിവരം.

| പട്ടിക 6.11 കുടിവെള്ള സ്രോതസ്സ് | | |
|---|---|---|
| **വിവരണം** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| കിണർ | 3 | 19 |
| പൈപ്പ് | 9 | 56 |
| കിണറും പൈപ്പും | 4 | 25 |
| **ആകെ** | **16** | **100** |



പട്ടിക 6.11 കുടിവെള്ള സ്രോതസ്സ് സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് 3 കുടുംബങ്ങൾ കിണർ വെള്ളവും 9 കുടുംബങ്ങൾ പൈപ്പ് വെള്ളവും 4 കുടുംബങ്ങൾ കിണറും പൈപ്പും വെള്ളത്തെയാണ് ആശ്രയിക്കുന്നത്.

## 6.3 ദുർബല വിഭാഗങ്ങൾ

ആകെയുള്ള 59 ജനസംഖ്യയിൽ 26 പേർ പുരുഷൻമാരും ആയതിൽ 11 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. ജനസംഖ്യയിൽ 33 സ്ത്രീകളും ആയതിൽ 8 സ്ത്രീകൾ 60 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ 5 പേർ 18 വയസ്സിനു താഴെ പ്രായമുള്ള സ്ത്രീകൾ/പെൺകുട്ടികളുമാണ്. 1 ആൾ വിഭാര്യനും, 2 പേർ വിധവകളുമാണ്. ഇത്തരം കുടുംബങ്ങളെ നഷ്ടപരിഹാര വിതരണ സമയത്ത് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

## 6.4 ഭൂവിനിയോഗവും ഉപജീവനവും

**പട്ടിക 6.12 സാമ്പത്തീക പ്രവർത്തികൾ**

| ക്രമ നമ്പർ | സർവ്വെ നമ്പർ | ഉടമസ്ഥൻ/ വാടകക്കാരൻ | ഉടമസ്ഥത | തരം | ഉടമസ്ഥർ/ തൊഴിലാളികൾ | | |
|---|---|---|---|---|---|---|---|
| | | | | | പു | സ്ത്രീ | ആകെ |
| 1 | 262/1-4 | ബിജുകുമാർ എസ്.എസ് | സ്വന്തം | ചായക്കട | 1 | 1 | 2 |
| 2 | 440/10 | പൊന്നുമണി ഡി | സ്വന്തം | പലചരക്ക്/പച്ചക്കറി | 0 | 1 | 1 |
| | | | | **ആകെ** | **1** | **2** | **3** |

പട്ടിക 6.11 നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങൾ ഉപജീവനത്തിനായി ഏർപ്പെട്ടിരിക്കുന്ന പ്രവർത്തികളെയാണ് സൂചിപ്പിക്കുന്നത്. ഇതനുസരിച്ച് ആകെ 2 പേർ ഉപജീവനത്തിനായി ചായക്കട, പലചരക്ക്, പച്ചക്കറി എന്നീങ്ങനെയുള്ള ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നു.

## അദ്ധ്യായം – 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ

### 7.1 രൂപരേഖയും, സമീപനങ്ങളും

വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ സൂഷ്മമായി വിശകലനം ചെയ്ത് പഠിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും, ആഘാതത്തിന്റെ തോത് കുറക്കുന്നതിനോ, ഇല്ലായ്മ ചെയ്യുന്നതിനോ ആവശ്യമായ സമീപന രീതികൾ കൈക്കൊള്ളുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സഹായകരമായി തീരുന്നു. തീരുമാനമെടുക്കൽ പ്രക്രിയക്ക് സഹായകരമായ വിവരങ്ങളും, വസ്തുതകളും ലഭിക്കുന്നതിനാൽ തീരുമാനമെടുക്കൽ പ്രക്രിയ സുഗമമാവുകയും, ആഘാതത്തിന്റെ തോത് പരമാവധി കുറക്കുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു. നിർദ്ദിഷ്ട പഠനത്തിനായി ചിട്ടപ്പെടുത്തിയ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും, റിപ്പോർട്ട് തയ്യാറാക്കുകയുമാണ് ചെയ്തത്.

### 7.2 പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം

**പട്ടിക 7.1 വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം**

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | • അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>• തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും.<br>• വ്യാപാര/വ്യവസായ സംരംഭങ്ങളുടെ ഭൂമിയും, നിർമ്മിതികളും ഏറ്റെടുത്തു കഴിഞ്ഞാൽ പുനർനിർമ്മിക്കുന്നതുവരെയുള്ള ഉപജീവന നഷ്ടം |
| 2 | നിർമ്മാണ ഘട്ടം | • നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിൽ പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും<br>• നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>• പുറമേനിന്നുള്ള തൊഴിലാളികൾ റോഡ് വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>• മാലിന്യം, ശുചിത്വം, പകർച്ചവ്യാധികൾ എന്നിവക്കുള്ള സാധ്യതകൾ<br>• തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും അപകട സാധ്യതകളും, സുരക്ഷയും. |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| | | ◆ നിർമ്മാണ ഘട്ടത്തിൽ റോഡ് അടച്ച് ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക. |
| 3 | പ്രവർത്തന ഘട്ടം | ◆ അപകടാവസ്ഥയിലായ പോങ്ങുംമൂട്-പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണവും, റോഡിന്റെ വീതികൂട്ടലും<br>◆ വാഹനങ്ങൾക്ക് സുഖമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട റോഡ്<br>◆ പട്ടണത്തിൽ ലഭ്യമായ സൗകര്യങ്ങൾ എളുപ്പത്തിൽ പ്രാപ്തമാകുന്നു<br>◆ ഭൂവില വർദ്ധിക്കുകയും, ഭൗതീക സാഹചര്യങ്ങളും, തൊഴിൽ അവസരങ്ങളും മെച്ചപ്പെടുകയും, ചെയ്യുന്നു<br>◆ വരുമാന വർദ്ധനവ് ഉണ്ടാവുകയും ആയതിനാൽ ജീവിത നിലവാരം ഉയരുകയും ചെയ്യുന്നു. |

**ആഘാതബാധിതരുടെ തരം**

1) **പ്രാഥമീക ആഘാതബാധിതർ:-** ഭൂഉടമസ്ഥർ, നിർമ്മിതികളുടെ ഉടമസ്ഥർ, സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നവർ.
2) **ദ്വിതീയ ആഘാതബാധിതർ:-** ആഘാതബാധിതമായ സ്ഥലത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, സ്ഥാപനങ്ങളും, ഇടപാടുകാരും.

പൊതുജനങ്ങൾ നൽകിയ അഭിപ്രായങ്ങൾ താഴെപറയുന്ന രീതിയിൽ സംഗ്രഹിക്കാവുന്നതാണ്:

1) **ആരോഗ്യം:** ആരോഗ്യ രംഗത്തെ സൗകര്യങ്ങൾ മെച്ചപ്പെട്ടതും ജനങ്ങൾക്ക് സുഗമമായി പ്രാപ്യവുമാണ്. ഈ രംഗത്തെ സേവനങ്ങൾ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നായി പരിസര പ്രദേശത്തും, തിരുവനന്തപുരം നഗരത്തിലുമായി ലഭ്യമാണ്. റോഡ് വികസനം സാധ്യമാകുന്നതിലൂടെ അടിയന്തിര ഘട്ടങ്ങളിൽ അതിവേഗം നഗരത്തിൽ എത്തുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ നേടുന്നതിനും സാധിക്കും

2) **ശുദ്ധജലം:-** കുടിവെള്ളം വർഷം മുഴുവൻ ആവശ്യമായ തോതിൽ ലഭ്യമാണ്. എന്നാൽ റോഡ് വികസന പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ ജലലഭ്യതയിൽ മുടക്കം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പദ്ധതി പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ പുഴയിലെ ജലം മലിനമാകുന്നതിനുള്ള സാധ്യതകൾ ഉണ്ടെന്നും അതിനാവശ്യമായ മുൻകരുതലുകളെടുക്കണമെന്നും ആവശ്യപ്പെടുന്നു.

3) **മലിനജല നിർഗ്ഗമനം:-** പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി പ്രവർത്തികൾ ആരംഭിക്കുന്ന അവസരത്തിൽ മലിനജല നിർഗ്ഗമന മാർഗ്ഗങ്ങൾക്ക് തടസ്സം നേരിടുമോ എന്ന ആശങ്ക ജനങ്ങൾക്കുണ്ട്. മഴക്കാലം വരുന്ന അവസരത്തിൽ മലിന ജല നിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞ് മലിനജലം പൊതുനിരത്തിൽ കെട്ടിക്കിടക്കുകയും, ഒഴുകി എത്തുന്ന മലിനജലം ജലസ്രോതസ്സുകളെ മലിനപ്പെടുത്തുകയും ചെയ്യുന്നതുമൂലം കുടിവെള്ളം മലിനമാവുകയും പകർച്ചവ്യാധികൾക്കും, ഇതര രോഗങ്ങൾക്കും കാരണമാവുകയും

പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന അവസ്ഥ ഇല്ലാതാക്കേണ്ടതാണ്.

4) **സ്ത്രീകളുടെ വരുമാന പുനസ്ഥാപനം:–** പദ്ധതി പ്രദേശത്തെ സ്ത്രീകളിൽ രണ്ടുപേർ സ്വന്തമായി സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. ഇത്തരത്തിൽ തൊഴിൽ ചെയ്യുന്നതിലൂടെയണ് ഇവർ ഉപജീവനം കണ്ടെത്തുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കായി ഭൂമിയും, നിർമ്മിതികളും ഭാഗീകമായി ഏറ്റെടുത്ത് കഴിഞ്ഞാൽ തൊഴിൽ നഷ്ടപ്പെട്ട് തങ്ങളുടെ ഉപജീവനമാർഗ്ഗം തടസ്സപ്പെടുമോ എന്ന ആശങ്ക ഇവർക്കുണ്ട്. ഇത്തരത്തിൽ തൊഴിൽ നഷ്ടമാകുന്ന സാഹചര്യത്തിൽ കുടുംബത്തിന്റെ വരുമാനം നഷ്ടമാവുകയും, അത് തങ്ങളുടെ സാമൂഹ്യ, സാമ്പത്തീക പദവിക്ക് ഇടിവ് വരുത്തുകയും ചെയ്യുന്ന സാഹചര്യം സംജാതമാകും. ആയതിനാൽ ഇവരെ വരുമാന പുനസ്ഥാപന പാക്കേജിന്റെ കീഴിൽ ഉൾപ്പെടുത്തി ഇതര വരുമാന മാർഗ്ഗങ്ങളിലൂടെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

5) **തൊഴിൽ:–** 16 ഭൂമി സർവ്വേ നമ്പറുകളിലായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി ഭാഗീകമായി മാത്രമേ ഉടമസ്ഥർക്ക് നഷ്ടമാകുന്നുള്ളു. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ മുഖാന്തിരം തൊഴിൽ നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

6) **ജീവനോപാധികൾ:–** ഭൂമി ഏറ്റെടുക്കുമ്പോൾ ജീവനോപാധികൾ നഷ്ടപ്പെടുന്നവരും പുതിയ വൈദഗ്ദ്യം ആർജ്ജിക്കാൻ കഴിവില്ലാത്തവരുമായവർക്ക് തങ്ങളുടെ കഴിവിനനുസരിച്ചുള്ള ചെറിയ ബിസിസ്സ് ഏറ്റവും സമീപസ്തമായ സ്ഥലത്ത് ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനവും, സഹായവും നൽകേണ്ടതാണ്.

## 7.3 വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും

ഫീൽഡ് തലത്തിൽ നടത്തിയ പ്രാഥമീക സ്ഥിതിവിവര ശേഖരണത്തിന്റേയും, കേന്ദ്രീകൃത സംഘ ചർച്ചകളുടേയും, ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിൽ നിന്നും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

**7.2 സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും**

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 16 ഭൂഉടമസ്ഥരുടെ കൃഷിഭൂമി ഭാഗീകമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | 2 പേരുടെ ഭൂമി ഭാഗീകമായും ഇവയിൽ സ്ഥിതിചെയ്യുന്ന നിർമ്മിതി ഭാഗീകമായും, 6 പേരുടെ | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| | | ഭൂമിയിലുള്ള മുള്ളുകമ്പി വേലിയും, 3 പേരുടെ അതിർത്തി മതിൽ, ഗേറ്റ് എന്നിവയും ഏറ്റെടുക്കേണ്ടി വരുന്നു. | പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള 15 തെങ്ങ്, 4 തേക്ക്, 7 റബ്ബർ, 3 മഹാഗണി, 2 മാവ്, 2 ആഞ്ഞിലി, 1 പേര, 1 തണൽ വൃക്ഷം, 1പപ്പായ, 2 വാഴ എന്നിവ നഷ്ടമാകുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | 2 പേരുടെ ഉടമസ്ഥതയിലുള്ള 2 കച്ചവട കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനോപാധികളേയും പ്രത്യക്ഷമായി ബാധിക്കുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | 1 ട്രാൻസ്ഫോർമർ 160 KVA, 2 ഇരുമ്പ് പോസ്റ്റ് 11 KVA, 11 സിമന്റ് പോസ്റ്റ് നമ്പറുള്ളത്, 2 സിമന്റ് പോസ്റ്റ് നമ്പറില്ലാത്തത്,<br>ജലവിതരണം, ജല, മാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലിഫോൺ വയറുകൾ, മുതലായവയെ ബാധിക്കുന്നു | നിർമ്മാണ പ്രവർത്തികൾ നടക്കുന്നതോടൊപ്പം തന്നെ പുനസ്ഥാപനവും നടത്തുക |
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | ചാനൽ പുറമ്പോക്കിൽ താമസിച്ച് ഉപജീവന മാർഗ്ഗമായ പച്ചക്കറി, പലചരക്ക് കട എന്നിവ നടത്തി വരുന്ന കൈവശ രേഖ മാത്രമുള്ള ഡി. പൊന്നുമണി (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ) എന്നയാളും ആഘാതബാധിതനായി കണക്കാക്കുന്നു പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവിടെ ഇല്ല | നഷ്ടപരിഹാരത്തിനും, പുനസ്ഥാപന നടപടികൾ സ്വീകരിക്കുമ്പോഴും സ്ഥാനചലനം സംഭവിക്കുന്നവരെ പ്രത്യേകമായി പരിഗണിക്കേണ്ടതാണ് |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

- ദ്വിതീയ ആഘാതബാധിതരിൽ ദോഷകരമായ പ്രത്യാഘാതങ്ങൾ കണ്ടെത്താൻ സാധിച്ചില്ല.
- പ്രാഥമീക ആഘാതബാധിതരുടെ പ്രധാന ആവശ്യം ഇനിയും കാലതാമസമില്ലാതെ എത്രയും പെട്ടന്ന് നിർദ്ദിഷ്ട അളവിൽ ഭൂമി ഏറ്റെടുത്ത് പര്യാപ്തമായ നഷ്ടപരിഹാര തുക കാലവിളംബം കൂടാതെ നൽകണമെന്നാണ്. കൂടാതെ വർഷങ്ങളായി ചാനൽ പുറമ്പോക്കിൽ താമസിച്ചു വരുന്നതും, കൈവശാവകാശ രേഖ മാത്രമുള്ളതുമായ പൊന്നുമണി ഡി (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ ചാനൽ പുറമ്പോക്ക്) എന്നയാളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾക്കൂടി സ്വീകരിക്കേണ്ടതാണ്.

### 7.4 പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ

പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് പ്രപ്പോസലിൽ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങളോ, മറ്റ് സമാശ്വാസ നടപടികളെയോ സംബന്ധിച്ചുള്ള പ്രസ്താവനകൾ ഉള്ളതായി കാണുന്നില്ല. ഇതെല്ലാം സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

### 7.5 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും

- ❖ പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും, നിർമ്മിതികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംങ്ങൾക്ക് ബോധ്യപ്പെട്ടത്.

- ചാനൽ പുറമ്പോക്കിൽ താമസിച്ച് ഉപജീവന മാർഗ്ഗമായ പച്ചക്കറി, പലചരക്ക് കട എന്നിവ നടത്തി വരുന്നതും, 1992 ജനുവരി 1 ന് മുമ്പ് ഭൂമി കൈവശമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖ കൈവശമുള്ളതും, താമസത്തിനും, ഉപജീവനും മറ്റ് ഭൂവസ്തുക്കളൊന്നുമില്ലെന്ന് പറയുന്നതുമായ ഡി. പൊന്നുമണി (റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 വിസ്തീർണ്ണം 0.90 ആർ) എന്നയാളും ആഘാതബാധിതനായി കണക്കാക്കപ്പെടുന്നു. നഷ്ടപരിഹാരവും, പുനരധിവാസ, പുനസ്ഥാപന നടപടികളിൽ ഉൾപ്പെടുത്തണമെന്നുമാണ് ഇവർ ആവശ്യപ്പെടുന്നത്.

- ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉപജീവനവും, തൊഴിലും നഷ്ടമാകുന്നവർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്കും, സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്നവർക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അവരെ കുടുംബശ്രീ മുതലായ സംഘടനകളിലൂടെ തൊഴിലും വരുമാന മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് ആവശ്യമായ സഹായവും, സമാശ്വാസ നടപടികളും കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ, നിർമ്മിതികൾ നീക്കം ചെയ്യൽ, പാലം നിർമ്മാണം, റോഡ് പുനർനിർമ്മാണം മുതലായ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- റോഡ്, പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.

- പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതികൂട്ടലും നടക്കുന്ന അവസരത്തിൽ ഈ റോഡിലൂടെയുള്ള ഗതാഗതവും, പാലത്തിനടുത്ത് എത്തിച്ചേരുന്ന നാല് റോഡുകളിലൂടെയുള്ള ഗതാഗതവും സ്തംഭിക്കുകയോ, ഗതാഗത തടസ്സം നേരിടുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

- നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള ട്രാൻസ്ഫൊർമർ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനർക്രമീകരിക്കേണ്ടതുമാണ്.

❖ പോങ്ങുംമൂട് നിന്നും പുന്നാവൂരിലേക്ക് പോകുന്ന റോഡിൽ പാലത്തിന് തൊട്ടുമുന്നിലായി ഇടതുവശത്തായി പുത്തൻകാവ്വിള, അരുമാനൂർ വഴി കാട്ടാക്കടയിൽ എത്തിച്ചേരുന്ന ഒരു റോഡും, പാലത്തിന് ശേഷം ഇടതു വശത്തായി കൊറ്റംപള്ളി റോഡും, പാലത്തിന് തൊട്ടുമുന്നിലായി വലതുവശത്തായി ശ്മശാനം, മിച്ചഭൂമി എന്നിവയിൽ എത്തിച്ചേരുന്ന റോഡും, പാലത്തിന് ശേഷം വലതു വശത്തായി കൂവളശ്ശേരി നെയ്യാറ്റിൻകര റോഡും സ്ഥിതിചെയ്യുന്നു. നിർമ്മാണത്തിന്റെ ഭാഗമായി പാലത്തിന്റെ ഉയരത്തിനനുസരിച്ച് ഈ റോഡുകളെ നിർദ്ദിഷ്ട പദ്ധതിയിലെ റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതും, പ്രവർത്തികൾ നടക്കുന്ന ഘട്ടത്തിൽ ഈ നാല് റോഡുകളിലൂടെയുള്ള ഗതാഗതം സ്തംഭിക്കുകയോ, ഗതാഗത തടസ്സം നേരിടുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതുമാണ്.

**നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും**

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള സാമാന്യ അറിവ് ഇതിനോടകം തന്നെ പൊതുജനത്തിന് പ്രത്യേകിച്ചും ആഘാത ബാധിതരായവർക്ക് ഉണ്ട്. ഇത് പ്രധാനമായും റവന്യൂ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം, ജനപ്രതിനിധികളുടെ പൊതുജനങ്ങളുമായുള്ള ആശയവിനിമയം എന്നിവയിലൂടെ ലഭിച്ചതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി ടീം അംഗങ്ങൾ ജനങ്ങൾക്ക് ആവശ്യമായ അറിവ് നൽകുകയും അവരുടെ സഹകരണം പരമാവധി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ പ്രദേശവാസികളായ തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. കൂടാതെ പുറമേനിന്നുള്ള തൊഴിലാളികൾ, പ്രത്യേകിച്ചും അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് മാലിന്യ, ശുചിത്വ, ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ഇവർ കരുതുന്നു. ഇതിനാവശ്യമായ എല്ലാ മുൻകരുതലുകളും അധികൃതർ കൈക്കൊള്ളണമെന്നാണ് ഇവരുടെ ആവശ്യം.

**പട്ടിക 7.3 പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ**

| ഗുണങ്ങൾ | അതെ(%) | അല്ല (%) | അഭിപ്രായമില്ല (%) |
|---|---|---|---|
| മെച്ചപ്പെട്ട വാഹന ഗതാഗതം | 98 | 0 | 2 |
| സാമ്പത്തീക പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നു | 68 | 0 | 32 |
| ഭൂമിവില വർദ്ധിക്കുന്നു | 72 | 0 | 28 |
| റിയൽ എസ്റ്റേറ്റ് മേഖല പുഷ്ടിപ്പെടുന്നു | 12 | 0 | 88 |
| ലക്ഷ്യസ്ഥാനത്ത് സുഗമമായി എത്തിച്ചേരുന്നു | 98 | 0 | 2 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ഗുണങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.4 പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | | | |
|---|---|---|---|
| **ദോഷങ്ങൾ** | **അതെ(%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| കൃഷി/ഭൂമി നഷ്ടപ്പെടുന്നു | 88 | 12 | 0 |
| ഭൂമിയും നിർമ്മിതികളും നഷ്ടപ്പെടുന്നു | 12 | 88 | 0 |
| പുറമേനിന്നുള്ളവരുടെ കടന്ന് വരവ് | 14 | 22 | 64 |
| പുറമേനിന്നുള്ളവരുമായി തർക്കങ്ങൾ | 5 | 23 | 72 |
| കൂടുതൽ വാടകതുക നൽകേണ്ടി വരുന്നു | 0 | 0 | 100 |
| തൊഴിൽ നഷ്ടം | 12 | 31 | 57 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ദോഷങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.5 പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം-ഉടമസ്ഥൻ | | |
|---|---|---|
| **പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| തത്തുല്യമോ കൂടുതൽ ഫലഭൂയിഷ്ഠമോ ആയ ഭൂമിയും, ആഘാത ബാധിതമായവ പുനർനിർമ്മിക്കാനുള്ള സാമ്പത്തീകവും | 0 | 0 |
| പുനസ്ഥാപനമൂല്യത്തിനനുസൃതമായ നഷ്ടപരിഹാരതുക | 16 | 100 |
| പുനരധിവാസത്തിനുള്ള സാമ്പത്തീക സഹായം | 0 | 0 |
| **ആകെ** | **16** | **100** |

പട്ടിക 7.5 പ്രകാരം ഗാർഹീക ഉടമസ്ഥരുടെ പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ആണ് പ്രതിപാദിച്ചിരിക്കുന്നത്. 100% ആഘാതബാധിതരും പുനസ്ഥാപനമൂല്യത്തിനനുസൃത മായ നഷ്ട പരിഹാരതുക ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

| പട്ടിക 7.6 പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ വാണിജ്യം/വ്യവസായം-ഉടമസ്ഥൻ | | |
|---|---|---|
| **പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| പുനസ്ഥാപനമൂല്യത്തിനനുസൃതമായ നഷ്ടപരിഹാരതുക | 2 | 100 |
| സ്ഥലം മാറ്റുന്നതിനുള്ള സാമ്പത്തീക സഹായം | 0 | 0 |
| വരുമാനലഭ്യതയ്ക്കുതകുന്ന പരിശീലനം | 0 | 0 |
| **ആകെ** | **2** | **100** |

പട്ടിക 7.6 പ്രകാരം വ്യാപാര/ വ്യവസായം ഉടമസ്ഥരുടെ പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ആണ് പ്രതിപാദിച്ചിരിക്കുന്നത്. അകെയുള്ള 2 വ്യാപാര/ വ്യവസായ സംരംഭങ്ങൾ സ്വന്തമായി നടത്തുന്നതും, ഭാഗീകമായി നഷ്ടപ്പെടുന്നതുമാണ്. പുനസ്ഥാപനമൂല്യ ത്തിനനുസൃതമായ നഷ്ടപരിഹാരതുക ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## അദ്ധ്യായം – 8

## ഗുണദോഷ വിശകലനവും ശുപാർശകളും

### അന്തിമ വിശകലനം

പോങ്ങുംമൂട്–പുന്നാവൂർ പാലവും അനുബന്ധ റോഡ് വീതി കൂട്ടലിനുമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള **'പൊതു ആവശ്യം'** എന്ന ശീർഷകത്തിൽ വരുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൂടുതലായി ഭൂമിയും, വസ്തുവഹകളും കൈവശം വെച്ചും, ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമീക ആഘാത ബാധിതരും, ഭൂമിയുടേയും, നിർമ്മിതികളുടേയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളും, വ്യാപാര, വ്യവസായ, ആവശ്യങ്ങൾക്കായി ഭൂമിയും, നിർമ്മിതികളും കൈവശം വെച്ചിരിക്കുന്നവരും, ഇവിടെ തൊഴിൽ ചെയ്യുന്നവരും ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അഘാതബാധിതരായി മാറുന്നു എന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളിലും, അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറക്കാവുന്നതാണ്.

2013 ലെ നിയമങ്ങളിലും, ചട്ടങ്ങളിലും അനുശാസിക്കുന്ന വിധത്തിൽ പരിഗണിക്കേണ്ട വ്യക്തികളേയും, കുടുംബങ്ങളേയും സംബന്ധിച്ച വിവരങ്ങളാണ് താഴെ പട്ടികയിൽ പരാമർശിച്ചിരിക്കുന്നത്. കൂടാതെ ആശ്രിതരായ വിധവകളേയും മറ്റ് ദുർബല വിഭാഗങ്ങളേയും പുനരധിവാസ, പുനസ്ഥാപന ഘട്ടത്തിൽ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. ആയതിനെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങളാണ് പട്ടിക 8.1 ൽ ഉൾകൊള്ളിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്ത പട്ടികകളിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

### 8.1 പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ

| പട്ടിക 8.1 പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | |
|---|---|
| **പുനരധിവാസ/പുനസ്ഥാപന പാക്കേജ്** | **കുടുംബങ്ങളുടെ എണ്ണം** |
| പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ട ഭൂമിയും നിർമ്മിതികളും (എണ്ണം) | 16 |
| റീസർവ്വെ നമ്പർ 440/10 ബ്ലോക്ക് നമ്പർ 10 ഉൾപ്പെട്ട ചാനൽ പുറമ്പോക്ക് | 1 |
| പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ഹെക്ടർ) | 0.16 |
| ആഘാതബാധിതരായ വ്യക്തികൾ/കുടുംബങ്ങളുടെ എണ്ണം | 16 |
| ആഘാതബാധിതരായ വ്യക്തികൾ/കുടുംബങ്ങളിലെ ജനസംഖ്യ | 59 |
| സ്വന്തം ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരുടെ എണ്ണം | 2 |
| നഷ്ടമാകുന്ന കമ്പി വേലികളുടെ എണ്ണം | 6 |
| നഷ്ടമാകുന്ന അതിർത്തി മതിലുകളുടെ എണ്ണം | 4 |
| ഭാഗീകമായി നീക്കം ചെയ്യേണ്ടിവരുന്ന നിർമ്മിതികൾ | 4 |
| നഷ്ടമാകുന്ന ഫല/വൃക്ഷങ്ങളുടെ എണ്ണം | 38 |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## അദ്ധ്യായം – 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ സ്ഥാപനപരമായ ചട്ടക്കൂട്

### 9.1 സ്ഥാപന ഘടനയും, പ്രധാന വ്യക്തികളും

